# മലങ്കര
# വിയോജിതൻ.

Vol. X. } 1110. മേടം {No. 6.

# THE MALABAR SEPARATIST.

പത്രാധിപർ;—കെ, വി, സൈമൺ.

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു,
എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ
ജീവന്റെ വെളിച്ചമുള്ളവൻ ആകും."

ശ്രീയേശുക്രിസ്തു.

THE R. V. PRESS, TIRUVALLA.
1935.

ചക്രവർത്തി തിരുമനസ്സിലെ

# രജതജൂബിലി മംഗളം.

പദ്യം.

അജ്ഞാന ധ്വാന്ത മൂർദ്ധ്വിതല മതിലകലും
മട്ടബെത്ത്ലേം നഭസ്സിൽ
സുജ്ഞാതസ്ത്രീസമേതം കരുണയൊടുദയം ചെയ്ത
രാകാശശാങ്കൻ
പ്രജ്ഞാനത്തിന്റെ മൂലം മശിഹ മധുരമാക്കട്ടെ ,
ജോർജ്ജാഖ്യനാകും
പ്രജ്ഞാവാൻ മണ്ഡലാധീശ്വരന്റെ മഹിതായുസ്സ്
മാനാതിരിക്തം.

# ഇൻഡ്യാചക്രവർത്തി തിരുമനസ്സിലെ രജതജൂബിലി.

ഈ മാസം ൬-ാംനു നമ്മുടെ ചക്രവർത്തി തിരുമനസ്സ... സൗഭാഗ്യപരിപൂർണ്ണമായ ൨൫ കൊല്ലത്തെ ഭരണപൂർത്തി... സ്മാരകോത്സവമായിരുന്നല്ലോ. നമ്മുടെ സഹോദരന്മാ... ം സഭയായും വ്യക്തികളായും തിരുമനസ്സിലെ ഭരണശക... ജ്ഞതിബന്ധം നെടുനാൾ നയിക്കപ്പെടുന്നതിനും, ഈ രാജ... ശ്വാന്ന് ആയുരാരോഗ്യ സമ്പൽസമൃദ്ധി ലഭിക്കുന്നതിനും ... നിയന്താവിന്റെ സന്നിധിയിൽ പ്രാർത്ഥനകളും സ്തോത്ര... അർപ്പിക്കണമെന്നുള്ള വിവരം എല്ലാവരെയും അറിയി... ക്കുന്നു. ദൈവമേ! ഞങ്ങളുടെ ചക്രവർത്തിയെ രക്ഷിക്കേ... മേ!

# മലങ്കര വിദ്യോതിതൻ

Vol. X. } 1110. മേടം. { No. 6.


(തുടർച്ച)

പറ. ൪:൯.

"ഈ രണ്ടടയാളങ്ങളും അവര വിശ്വസിക്കാതെയും നി
ന്റെ വാക്കു കേൾക്കാതെയും ഇരുന്നാൽ നീ നദിയിലെ വെള്ളം
കോരി ഉണങ്ങിയ നിലത്തു് ഒഴിക്കേണം. നദിയിൽ നിന്നു
കോരിയ വെള്ളം ഉണങ്ങിയ നിലത്തു് രക്തമായിത്തീരും". ദൈ
വിക സാക്ഷ്യത്തിനു് അടിപ്പെണങ്ങാതെയിരുന്നാലുള്ള ഫലം
ന്നതു് എത്രയും ഭയങ്കരമായും ശരിയായും കാണിക്കുന്ന
ടയാളമായിരുന്നു ഇതു്. ഈ അടയാളം മറ്റേരണ്ടിനേയും അ
നിഷേധിക്കുന്നു ഘട്ടത്തിൽ മാത്രം ചെയ്യപ്പെടേണ്ടതായിട്ടാണ്
ന്നതു്. അതു ആദ്യം ഇസ്രായേലിനു് ഒരു അടയാളമായും പി
ന്നീടു മിസ്രയീമിനു് ഒരു ബാധയായും ഇരുന്നു. (പുറ; ൭: ൧൭-
൨൧- ഒത്തു നോക്കുക.)

എങ്കിലും ഇവയ്ക്കൊന്നിനും മോശയുടെ ഹൃദയത്തെ തൃ
പ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ലാ. "മോശ യഹോവയോടു കർത്താ
ലെ മുമ്പെ തന്നെയും നീ അടിയനോടു സംസാരിച്ചശേഷവും
ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല, ഞാൻ വിക്കനും തടിച്ച നാ
വനും ആകുന്നു എന്നു പറഞ്ഞു." നോക്കുക ഭയങ്കരമായ പ
ന്മാറ്റിവ്. യഹോവയുടെ അനന്തമായ ക്ഷമയല്ലാതെ ഇ

ന്നെ സംഹരിക്കുവാൻ കഴികയില്ലാ. ഞാൻ നിന്നോടുകൂടിയിരി
എന്നു ദൈവം താനെ പറഞ്ഞപ്പോൾ അതു് ആവശ്യപ്പെട്ടാവു
സകലത്തെയും സംബന്ധിച്ചുള്ള അഭേദ്യമായ ഒരു ഉറപ്പാകു
ഒരു സാമർത്ഥ്യമുള്ള നാവു് ആവശ്യമായിരുന്നെങ്കിൽ അതി
ഞാൻ ആകുന്നു എന്നുള്ളതിനു നേരെ വസ്തുതയല്ലാതെ മോശ
താണു് ചെയ്യേണ്ടിയിരുന്നതു്. വാക്സാമർത്ഥ്യം, ജ്ഞാനം,
തി, ഔർജ്ജിത്യം ഇത്യാദിയായ സമസ്തവും ആ എത്തിട്ട
കാത്ത ഭണ്ഡാരത്തിൽ ഉണ്ടായിരുന്നു. "അതിനു യഹോവ
വനോടു മനുഷ്യനു വായു് കൊടുത്തതു് ആർ? അല്ല, ഊമനേ
ചെകിടനേയും, കാഴ്ചയുള്ളവനേയും, കുരുടനേയും ഉണ്ടാക്കിയ
ആർ? യഹോവയായ ഞാൻ അല്ലയോ? ആകയാൽ നീ
ല്ലുക, ഞാൻ നിന്റെ വായോടുകൂടിയിരുന്നു് നീ സംസാരിക്കേ
തു് നിനക്കുപദേശിച്ചുതരും എന്നു് അരുളിച്ചെയ്തു." ഇതാ
ഗാധവും, ആരാധ്യവും, അനുപമവുമായ കൃപ! ദൈവത്തി
ഇതു് ഉചിതമായിട്ടുള്ളതുതന്നെ! നമ്മുടെ ദൈവമായ യഹോ
യോടു സദൃശൻ ഒരുവനും ഇല്ലാ. അവന്റെ സഹിഷ്ണുതയുള
കൃപ എല്ലാ പ്രയാസങ്ങളേയും ജയിച്ചടക്കുകയും അതു് നമ്മു
ബഹുവിധമായ ആവശ്യത്തിനും, ദൌർബല്യത്തിനും ധാരാ
മതിയായതെന്നു് തെളിയിക്കയും ചെയ്യുന്നു. "യഹോവയായ ഞാ
ന്നതു് നമ്മുടെ ജഡീകഹൃദയങ്ങളുടെ ന്യായവാദങ്ങളെ
നേകമായി നിശ്ശബ്ദീകരിക്കേണ്ടതാകുന്നു. എന്നാൽ കഷ്ട
ഈ ന്യായവാദങ്ങൾ അമർത്തുവാൻ കഴിയാതവണ്ണം കഠിനമാ
നു. നമ്മുടെ സമാധാനത്തെ ഭഞ്ജിക്കുന്നതിനും നമ്മുടെ ആ
ശ്വാസം സരണം ഉപയോഗപ്പെടേണ്ടതിനു തന്റെ സ്വന്തമായ
ല്ലാ സാരപരിപൂർണ്ണതയിലും നമ്മുടെ ആത്മാക്കളുടെ മുൻപാകെ
തന്നെത്തന്നെ നിദാനം ചെയ്യുന്ന ആ വാഴ്ത്തപ്പെട്ടവനെ
പമാനിക്കുന്നതിനായി അവ വീണ്ടും വീണ്ടും ഉപരിഭാഗത്തേ
ക്കു് പൊന്തിവരുന്നു.

യഹോവ നമ്മോടുകൂടിയുള്ളപ്പോൾ നമ്മുടെ കുറവുകളും,
ഹീനതകളും അവന്റെ സകലത്തിനും മതിയായ കൃപയേയു
പൂർണ്ണസഹിഷ്ണുതയേയും സ്പഷ്ടീകരിക്കുന്നതിനു് ഒരവസരമായ
തീരുന്നു എന്നുള്ളതു മനസ്സിൽ ധരിച്ചുകൊള്ളേണ്ടതാകുന്നു
മോശ ഇതു് ഓർത്തിരുന്നെങ്കിൽ അവന്റെ വാക്സാമർത്ഥ്യമില്ല

യ്മ അവനെ ക്ഷീണിപ്പിക്കയില്ലായിരുന്നു. "ആകയാൽ ക്രി
സ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ
അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസി
ക്കും. അതുകൊണ്ടു ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കഷ്ട
ം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇ
ഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്ത
നാകുന്നു." എന്നിങ്ങനെ പറവാൻ അപ്പൊസ്തൂലനായ പൌൽ പ
ഠിച്ചിരുന്നു. (൨. കൊരി ൧൨: ൯. ൧൦.) നിശ്ചയമായും
ഇതു് ക്രിസ്തുവിന്റെ പള്ളിക്കൂടത്തിൽ ഉയർന്നക്ലാസ്സിൽ പഠിച്ച
ഒരുവന്റെ പ്രസ്താവനയത്രെ. വാക്സാമർത്ഥ്യമില്ലായ്കകൊണ്ട്
അധികം മനഃപീഡ അനുഭവിക്കാത്ത ഒരുവന്റെ അനുഭവമാ
ണിതു്. കാരണം, കർത്താവായ യേശുക്രിസ്തുവിന്റെ വിലമതി
ള്ള കൃപയിൽ ഏതുമാതിരി ആവശ്യത്തിനും അവൻ പോംവഴി
സമാധാനം കണ്ടിരുന്നു.

ഈ സത്യത്തിന്റെ അറിവ് മോശെയെ അവന്റെ വിശ്വാ
സമില്ലായ്മയിൽ നിന്നും അസാധാരണമായ ഭീരുത്വത്തിൽ നി
ന്നും വിടുവിക്കേണ്ടിയിരുന്നു. താൻ അവന്റെ വായോടുകൂടി
യിരിക്കുമെന്നു യഹോവ അവനോടു സകാരണം ഉറപ്പുപറഞ്ഞ
പ്പോൾ വാഗ്മിത്വ വിഷയത്തിൽ അവന്റെ മനസ്സിന്ന് വിശ്ര
ലബ്ധി ഉണ്ടാകുമായിരുന്നു. മനുഷ്യന്ന് വായ് നിർമ്മിച്ചവ
ന്, വേണ്ടിവന്നാൽ അതിയായ പ്രഭാഷണ ശക്തി കൊണ്ട്.
അവന്റെ വായ് നിറപ്പാൻ കഴിയുമല്ലോ! വിശ്വാസത്തെക്കു
റിച്ചുള്ള വിചിന്തനത്തിൽ ഇതു് എത്രയും ലളിതമായതുതന്നെ.
എന്നാൽ കഷ്ടം! സാധുവും സംശയാവശനവുമായ ഹൃദയം സമർത്ഥ
മായ നാവിനെ അതിന്റെ സ്രഷ്ടാവിനെക്കാൾ കൂടുതൽ വിശ്വ
സിക്കാറുണ്ട്. സ്വാഭാവിക ഹൃദയം നിർമ്മിക്കപ്പെട്ടിട്ടുള്ള വസ്തു
ക്കൾ എന്തെല്ലാമെന്നു നാം അറിയുന്നില്ലെങ്കിൽ ഇക്കാര്യത്തി
ലുള്ള ഉത്തരവാദിത്വം ഇല്ലെന്നു തോന്നിപ്പോകും. ആ പ്രാ
ണ്ടായതിന്ന് ദൈവത്തെ വിശ്വസിപ്പാൻ കഴിയുന്നില്ല.
ഇതിനാലത്രെ ദൈവജനങ്ങൾ തന്നെയും എന്തെങ്കിലും അളവിൽ
കൂട്ടപ്പെടേണ്ടിവരുമ്പോൾ പ്രകൃതിയുടെ ഭയങ്കരശക്തികളോടൊ
ധീകരിക്കുന്ന മട്ടിൽ ജീവനുള്ള ദൈവത്തിൽ ഉള്ള വിശ്വാസം
ഉപേക്ഷിച്ചിരിക്കുന്നതായി പ്രദർശിപ്പിക്കുന്നതു്. ഇപ്രകാരം ന
ടെ മുൻഭാഗത്തുള്ള ഈ കാഴ്ചയിലും മോശ പിന്നെയും സംശ
ക്കുന്നതായി നാം കാണുന്നു. "എന്നാൽ അവൻ കർത്താവേ

നിനക്കു ബോധിച്ച മററാരെയെങ്കിലും അയയ്ക്കണമേ എന്നു പറ
ഞ്ഞു." വാസ്തവത്തിൽ ഈ വാക്കിനാൽ മിസ്രയിംകാർക്കും ഇസ്ര
യേലിനും മുൻപാകെ യഹോവയുടെ ഏകദൂതനായിരിക്കുന്ന ഉ
ന്റെ ബഹുമാനത്തെ മോശ തട്ടിക്കളകയായിരുന്നു.

ദൈവപ്രവൃത്തിയുടെ ഫലമായ താഴ്മ മതിച്ചു കൂടാത്ത ഒ
കൃപതന്നെയാകുന്നു എന്നു പറയേണ്ടതില്ലാ. താഴ്മയാൽ പരി
വൃതനാകുകയെന്നുള്ളതു് ഒരു ദൈവപ്രമാണമാകുന്നു. നിസ്സംശ
യമായും താഴ്മയെന്നുള്ളതു് അയോഗ്യനായ പാപിക്കു് സമക്ഷ
ത്തു വെളിപ്പെട്ടുവാൻ കഴിയുന്ന ഏത്രയും യോഗ്യമായ വസ്ത്രമാക
ന്നു. എന്നാൽ ദൈവം കാണിച്ചുതരുന്ന സ്ഥാനത്തെ അംഗീക
രിക്കുന്നതിനോ നമുക്കായി അവന്റെ കൈ വരച്ചുകാണിച്ചുതന്ന
പാതയിൽ കൂടി നടന്നുപോകുന്നതിനോ വൈപരീത്യമുള്ള സ്വഭാ
വം സത്യതാഴ്മയല്ലായിരുന്നു എന്നുള്ളതു് "യഹോവയുടെ കോ
പം മോശയുടെ നേരേ ജ്വലിച്ചു" എന്നുള്ളതിൽനിന്നു തെളിയ
ന്നു. അതു താഴ്മ എന്നുള്ള നില പോയിട്ടു് കേവലം ബലഹീ
നതയുടെ അതിരിനെ കൂടി ലംഘിച്ചുകളഞ്ഞു. അതു്, ആ
ന്തികമായ ഭീരുത്വത്തിന്റെ ഏത്രയും ആക്ഷേപകരമായ നി
യെ വഹിച്ചിടത്തോളം ദൈവത്തിന്റെ അതിരില്ലാത്ത കൃപ അ
തിനെ സഹിക്കയും പുതുപ്പിക്കപ്പെട്ട നിശ്ചയങ്ങളോടുകൂടി അത
നെ അഭിമുഖീകരിക്കയും ചെയ്തു. എന്നാൽ അവിശ്വാസത്തിന്റെ
യും ഹൃദയമന്ദതയുടേയും ലക്ഷണത്തെ അതു ധരിച്ചപ്പോൾ അ
തു ദൈവത്തിന്റെ ന്യായമായ അനിഷ്ടത്തെ ഉളവാക്കി. മോശ
ഏക ഏജന്റായിരിക്കുന്നതിനു പകരം സാക്ഷ്യത്തിന്റെയും
ധാരണത്തിന്റെയും വേലയിൽ ഒരു കൂട്ടുപകരണമാക്കിത്തീ
ക്കപ്പെട്ടു.

പരിഹാസയോഗ്യമായ താഴ്മയെക്കാൾ ദൈവത്തെ അ
മാനിക്കുന്നതും നമുക്കു് അപായകരവുമായ വേറൊരു സംഗതി
ല്ലാ. ചില പ്രത്യേക ഗുണങ്ങളും സാമർത്ഥ്യവിശേഷവും ന
ക്കില്ലാത്തതുകൊണ്ടു് ദൈവത്തിന്റെ കൃപ നമുക്കു കാണിച്ചു
ന്നിട്ടുള്ള സ്ഥാനത്തെ അധിരോഹിക്കുവാൻ മടിക്കുമ്പോൾ ആ
ടി താഴ്മയല്ലാ. കാരണങ്ങൾ, ഇങ്ങിനെയുള്ള ഗുണങ്ങളും സ
മർത്ഥ്യവിശേഷങ്ങളും സംബന്ധിച്ചു് നമ്മുടെ മനസ്സാക്ഷിക
തൃപ്തിപ്പെടുവാൻ വകയുണ്ടെങ്കിൽ ആ സ്ഥാനത്തെ അംഗീകര
ക്കുവാൻ നാം യോഗ്യതയും അവകാശവുമുള്ളവരാണെന്നു് ഒരു ന

ം നമുക്കുതന്നെ ഉണ്ടാകുവാൻ ഇടയുണ്ടു്. ദൃഷ്ടാന്തമായി അ
ശ്യമുണ്ടെന്നു് മോശയ്ക്കു തോന്നിയേടത്തോളം പ്രഭാഷണങ്ങൾക്കതി
വന്നുണ്ടായിരുന്നെങ്കിൽ അവൻ പോകുവാൻ തയ്യാറായിരുന്നേ
ം എന്നു് നമുക്കു് ഊഹിക്കാം. എന്നാൽ തന്റെ വേല നട
ുവാൻ അവന്നു് എത്രത്തോളം വാഗ്മിത്വം ആവശ്യമുണ്ടാ
ിരുന്നു എന്നാണു് പ്രശ്നം. ദൈവത്തെക്കൂടാതെ മാനുഷിക
ാഗ്മിത്വം എത്ര തന്നെയുണ്ടായിരുന്നാലും അശേഷം പ്രയോ
നപ്പെടുകയില്ലന്നാണു് ഇതിനു മറുപടി. എന്നാൽ ദൈവം
ടെയുണ്ടെങ്കിൽ എത്ര വലിയ വിക്കന്നും പ്രാപ്തിയുള്ള ശുശ്രൂഷ
നായിത്തീരും. (തുടരും)

# ഹെരോദാവും കുടുംബവും.

മത്തായി ൨-ാം അദ്ധ്യായം ൧-ാം വാക്യത്തിൽ കാണുന്ന
ഹെരോദാവു് എദോമ്യനായ ആൻറിപേററിന്റെ പുത്രനാണു്.
ഹെരോദാവിന്റെ രാജ്യവാഴ്ച ൩൭ കൊല്ലം ആയിരുന്നു. യഹൂ
ദിയയിലത്രെ ഇദ്ദേഹം വാണിരുന്നതു്. ഇയാളുടെ പേരോടുകൂടി
ാനകരെ പുതിയനിയമത്തിൽ കാണുന്നതിനാൽ ഈ കുടുംബ
ത്തെപ്പററി സ്വല്പം ഉപന്യസിക്കുന്നതു് വേദവിദ്യാർത്ഥികൾക്കു്
ആവശ്യമായിട്ടുള്ളതാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

മഹാനായ ഈ ഹെരോദാവിനു പത്തു ഭാര്യമാരും ആ ഭാര്യ
മാർവഴി വളരെ സന്താനങ്ങളും ഉണ്ടായിരുന്നു. ആദ്യത്തെ ഭാര്യ
യുടെ പേർ ഡോറിസ് എന്നാണു്. അവൾ എദോംകാരിയും
ഹെരോദാ രാജാവാകുന്നതിനു മുൻപു് വിവാഹം ചെയ്യപ്പെട്ടവളുമാ
ണെന്നു് വിചാരിച്ചുവരുന്നു. ഇവളിൽനിന്നത്രെ രാജസന്താനങ്ങ
ളിൽ ജ്യേഷ്ഠനായിരുന്ന ആൻഡിപേററർ ജനിച്ചതു്. രാജാവ
ിന്റെ മരണത്തിനു അഞ്ചുദിവസം മുമ്പു് രാജാവു് ഇയാളെ കൊ
ന്നു.

രണ്ടാമത്തെ ഭാര്യയുടെ പേർ മരിയമ്നി എന്നായിരുന്നു
ഇവൾ ആസ്മോനിയൻ കുടുംബം അഥവാ മക്കാബ്യകുടുംബത്തിൽ
ഉൾപ്പെട്ടവൾ ആയിരുന്നു. ആ കാലമായപ്പോഴേക്കു് ഇവൾമാത്രമെ

ന്ത കുടുംബത്തിൽ ശേഷിച്ചിരുന്നുള്ളൂ. ഹെരോദാവ് ഇവ
കൊല്ലിച്ചുകളഞ്ഞതായത്. ഇവളുടെ മക്കളായി അലക്സാണ്ട
അറിസ്റ്റോബുലസ് എന്നു പേരുള്ള രണ്ടു കുമാരന്മാരെ സ
സ്റ്റ്യായിൽവെച്ച് രാജദ്രോഹകുറ്റം ചുമത്തി കൊന്നുകളഞ്ഞ
അറിസ്റ്റോബുലസിനു മൂന്നു മക്കൾ ഉണ്ടായിരുന്നു ഇവരെക്കുറി
മേൽ പറയുന്നതായിരിക്കും.

മൂന്നാം ഭാര്യ ശിമ്മോന്റെ മകളായ മറിയമ്ന്നിയായിരുന്
ഈ ശിമ്മോനെ ഹെരോദാ യെരുശലേമിൽ മഹാപുരോഹി
നാക്കി. മറിയമ്ന്നിയെ തനിക്ക് തരുന്നതിനായിട്ടാണ് ഹെരോ
ദാ ശിമ്മോനെ സ്ഥാനാരോഹണം ചെയ്യിച്ചത് അവൾ ഹെരോ
ദ് ഫിലിപ്പോസ് അല്ലെങ്കിൽ ഫിലിപ്പ് ഹെരോദാവിന്റെയും
ലോമിയുടേയും മാതാവായിരുന്നു. ഈ ഹെരോദ് ഫിലിപ്പ് ഹെരോ
ശലോമിയുടെ മാതാവായ ഹെരോദ്യായെ കല്യാണംകഴിച്ചു. ഇ
ശലോമിയത്രെ യോഹന്നാൻ ബപ്റ്റിസ്റ്റിന്റെ ശിരസ് ആവശ്
പ്പെട്ട കുപ്രസിദ്ധയായ നടി. (മർക്കോ ൬:൨൨)

ഹെരോദാവിന്റെ നാലാമത്തെ ഭാര്യ ഒരു ശമറിയക്കാരിയാ
യിരുന്ന മൽത്താക്കയായിരുന്നു അവളുടെ മക്കളായിരുന്നു അ
ർക്കലെയൊസും, ഫിലിപ്പും. ഇവരിൽ ജ്യേഷ്ഠ സഹോദരൻ തന്റെപ
താവിന്റെ രാജ്യത്തിന്റെ പകുതി അതായത് ഇദുമിയ, യഹൂദ
യ, ശമര്യ എന്നീ പ്രവിശ്യകളെ ഭരിച്ചു. അദ്ദേഹത്തിന്റെ ഭ
ണകാലം ഒൻപതുവത്സരം ആയിരുന്നു. ഒടുവിൽ അർക്കലെയൊ
സിനെ കുറ്റക്കാരനായിക്കണ്ട് പിടിച്ച് വിയന്നയിലേക്ക് നാടുക
ടത്തുകയും അവിടെവെച്ച് മരിക്കയും ചെയ്തു. മത്താ ൨:൨൨; ക
ന്ന അർക്കലെയോസ് ഇവൻതന്നെ.

ഇവന്റെ സഹോദരനായ ഫിലിപ്പ് ഹെരോദിയായുടെ മക
ളും പ്രസിദ്ധ നർത്തകിയുമായ ശലോമിയെ വിവാഹംചെയ്തു. ഇയാ
ം മക്കളില്ലാതെ മരിച്ചു. അതുകൊണ്ട് അരിസ്റ്റോബുലോസ് അ
വളെ പുനർവിവാഹം ചെയ്തു.

ക്ലെയോപാറ്റ്റാ ആയിരുന്നു അഞ്ചാമത്തെഭാര്യ. ഹെരോ
ദ്യയെ പരിഗ്രഹിച്ച ഹെരോദാ അന്തിപ്പാസിന്റെ തള്ളയായിരു
ന്നു ഇവൾ. യോഹന്നാൻ ബപ്റ്റിസ്റ്റ് ഇതിന്നായി അദ്ദേഹത്തെ
ശാസിച്ച സംഗതി മത്തായിയും, മർക്കോസും, ലൂക്കോസും പറയുന്നു
ണ്ട്. ക്രിസ്തുവിനെയും കലചെയ്‌വാൻ ഇദ്ദേഹം ശ്രമിച്ചു. ഇ

...ളുടെ അടുക്കലേക്കാണ് പീലാത്തോസ് നമ്മുടെ കർത്താവ...
...നെ അയച്ചത്. (ലൂക്കോ ൨൩:൬, ൭) ഇദ്ദേഹത്തെ ആദ്യ...
...ലയോൻസിലേക്കും അവിടെനിന്ന് സ്പെയിനിലേക്കും നാടുകടത്തു...
...കയുണ്ടായി. ഇരുവരും അവിടെത്തന്നെ മരിച്ചു.

മഹാനായ ഹെരോദാവിന് അസ്മോനിയൻ കുടുംബത്തിൽ...
...പെട്ട മരിയമ്നിവഴി അരിസ്റ്റോബുലസ് എന്നൊരു മകൻ ഉ...
...ണ്ടായതായി പറഞ്ഞിട്ടുണ്ടല്ലോ. ഇയാൾക്കു രണ്ടു പുത്രന്മാരു...
...ഒരു പുത്രിയും ഉണ്ടായിരുന്നു. അഗ്രിപ്പാ, ഹെരോദാ എന്നിവ...
...പുത്രന്മാരുടെ പേർ പുത്രിയുടെ പേർ ഹെരോദ്യ.

അഗ്രിപ്പായിക്കു ഹെരോദാ എന്നു പേരുണ്ടായിരുന്നു. ഇദ്ദേ...
...ഹത്തെ തിബെര്യോസ് ചക്രവർത്തി ഏതോ കാരണവശാൽ തടവി...
...ൽ ഇടുകയും കലിഗുലാ കൈസർ അയാളെ മോചിപ്പിച്ചു യഹൂദ...
...യുടെ രാജാവാക്കുകയും ചെയ്തു. യാക്കോബിനെ കൊന്നതും പ...
...ത്രോസിനെ കാരാഗൃഹത്തിൽ ബന്ധിച്ചതും അഗ്രിപ്പായാണ്...
അല്ലോ (പ്രവൃ ൧൨-ാം അദ്ധ്യായം നോക്കുക.)

അരിസ്റ്റോബുലസ്സിൻെറ രണ്ടാംപുത്രനായ ഹെരോദാ, ചാൽ...
...സിസ്സ് എന്ന സ്ഥലത്തിൻെറ രാജാവായിരുന്നു. ഇയാൾക്കു അ...
...രിസ്റ്റോബുലസ് എന്നൊരു മകൻ ഉണ്ടായിരുന്നു.

നീറോചക്രവർത്തി ചെറിയ അർമ്മീനിയാ ഈ അരിസ്റ്റോബു...
...ലസിനു ഭരിപ്പാൻ കൊടുത്തു. നർത്തകിയായ ശലോമിയെ വിവാ...
...ഹംചെയ്തതു ഇദ്ദേഹമാണ്.

യഹൂദിയയിലെ രാജാവും അരിസ്റ്റോബുലസിൻെറയും മറിയ...
...മ്നിയുടേയും പൌത്രനുമായ അഗ്രിപ്പാ, ചാൽസിസ്സിലെ ആദ്യത്തെ...
...രാജാവും പിന്നീട് ഫിലിപ്പിൻെറ സ്ഥാനത്തു ഗലീലയിലെ തെ...
...ട്രാക്കി ഭരിക്കുന്നവനുമായിരുന്നു. അവൻെറ മുമ്പിലും അവൻെറ...
...സഹോദരനായ ബർണീക്കയുടെ മുമ്പിലും അഗ്രിപ്പായുടെ രണ്ടാ...
...മത്തെ മകളായ ദ്രൂസില്ലയെ കല്യാണംകഴിച്ച ഫെലിക്സിൻെറ...
...മുമ്പിലും പൌലൂസ് തൻെറ പ്രതിവാദം കഴിക്കുന്നതായി പ്രവൃ...
...ത്തി ൨൫-ൽ വായിക്കുന്നു.

മറിയമ്നിയുടേയും അരിസ്റ്റോബുലസ്സിൻെറയും മകളായ...
...ഹെരോദ്യ, ഫിലിപ്പിൻെറയും അൻറിപ്പാസ്സിൻെറയും ഭാര്യയായി...
...രുന്നു.

രാളുടെ അടുക്കലേക്കാണ് പീലാത്തോസ് നമ്മുടെ കർത്താവ
നെ അയച്ചത്. (ലൂക്കോ ൧൩:൬൭, ൬൮) ഇദ്ദേഹത്തെ ആദ്യ
ലയോൻസിലേക്കും അവിടെനിന്ന് സ്പെയിനിലേക്കും നാടുകടത്ത
കയുണ്ടായി. ഇരുവരും അവിടെത്തന്നെ മരിച്ചു.

മഹാനായ ഹെരോദാവിന്ന് അസ്മോനിയൻ കുടുംബത്തി
പെട്ട മരിയമ്നിവഴി അറിസ്റ്റോബുലസ് എന്നൊരു മകൻ ഉ
ണ്ടായതായി പറഞ്ഞിട്ടുണ്ടല്ലോ. ഇയാൾക്കു രണ്ടു പുത്രന്മാരു
ഒരു പുത്രിയും ഉണ്ടായിരുന്നു. അഗ്രിപ്പാ, ഹെരോദാ എന്നി
പുത്രന്മാരുടെ പേർ പുത്രിയുടെ പേർ ഹെരോദ്യ.

അഗ്രിപ്പായിക്കു ഹെരോദാ എന്നു പേരുണ്ടായിരുന്നു. ഇദ്ദേ
ഹത്തെ തിബെര്യോസ് ചക്രവർത്തി ഏതോ കാരണവശാൽ തടവ
ൽ ഇടുകയും കലിഗുലാ കൈസർ അയാളെ മോചിപ്പിച്ചു യഹൂദ
യുടെ രാജാവാക്കുകയും ചെയ്തു. യാക്കോബിനെ കൊന്നതും പ
ത്രോസിനെ കാരാഗൃഹത്തിൽ ബന്ധിച്ചതും അഗ്രിപ്പായാണ്
അല്ലോ (പ്രവൃ. ൧൨-ാം അദ്ധ്യായം നോക്കുക.)

അറിസ്റ്റോബുലസ്സിന്റെ രണ്ടാംപുത്രനായ ഹെരോദാ, ചാൽ
ചിസ്സ് എന്ന സ്ഥലത്തിന്റെ രാജാവായിരുന്നു. ഇയാൾക്കു അ
റിസ്റ്റോബുലസ് എന്നൊരു മകൻ ഉണ്ടായിരുന്നു.

നീറോചക്രവർത്തി ചെറിയ അർമീനിയാ ഈ അറിസ്റ്റോബു
ലസിനു ഭരിപ്പാൻ കൊടുത്തു. നർത്തകിയായ ശലോമിയെ വിവാ
ഹംചെയ്തത് ഇദ്ദേഹമാണ്.

യഹൂദിയയിലെ രാജാവും അറിസ്റ്റോബുലസിന്റെയും മറിയ
മ്നിയുടേയും പൌത്രനുമായ അഗ്രിപ്പാ, ചാൽസിസ്സിലെ ആദ്യത്തെ
രാജാവും പിന്നീട് ഫിലിപ്പിന്റെ സ്ഥാനത്ത് ഗലീലയിലെ തെ
ാക്കി ഭരിക്കുന്നവനുമായിരുന്നു. അവന്റെ മുമ്പിലും അവന്റെ
സഹോദരനായ ബർണീക്കയുടെ മുമ്പിലും അഗ്രിപ്പായുടെ രണ്ടാ
മത്തെ മകളായ ദ്രൂസില്ലയെ കല്യാണംകഴിച്ച ഫെലിക്സിന്റെ
മുമ്പിലും പൌലൂസ് തന്റെ പ്രതിവാദം കഴിക്കുന്നതായി പ്രവൃ
ത്തി ൨൫-ൽ വായിക്കുന്നു.

മറിയമ്നിയുടേയും അറിസ്റ്റോബുലസ്സിന്റെയും മകളായ
ഹെരോദ്യ, ഫിലിപ്പിന്റെയും അന്റിപ്പസ്സിന്റെയും ഭാര്യയായി
രു.

ലാളുടെ അടുക്കലേക്കാണ് പീലാത്തോസ് നമ്മുടെ കർത്താവി
നെ അയച്ചത്. (ലൂക്കാ ൨൩ : ൬, ൧൨) ഇദ്ദേഹത്തെ ആദ്യ
ലയോൻസിലേക്കും അവിടെനിന്ന് സ്പെയിനിലേക്കും നാടുകടത്തു
കയുണ്ടായി. ഇരുവരും അവിടെത്തന്നെ മരിച്ചു.

മഹാനായ ഹെരോദാവിന് അസ്മോനിയൻ കുടുംബത്തിൽ
പെട്ട മരിയമ്നിവഴി അരിസ്റ്റോബുലസ് എന്നൊരു മകൻ ഉ
ണ്ടായതായി പറഞ്ഞിട്ടുണ്ടല്ലോ. ഇയാൾക്കു രണ്ടു പുത്രന്മാരു
ഒരു പുത്രിയും ഉണ്ടായിരുന്നു. അഗ്രിപ്പാ, ഹെരോദാ എന്നി
പുത്രന്മാരുടെ പേർ പുത്രിയുടെ പേർ ഹെറോദ്യ.

അഗ്രിപ്പായിക്ക് ഹെരോദാ എന്നും പേരുണ്ടായിരുന്നു. ഇദ്ദേ
ഹത്തെ തിബേര്യോസ് ചക്രവർത്തി ഏതോ കാരണവശാൽ തടവി
ൽ ഇടുകയും കലിഗുലാ കൈസർ അയാളെ മോചിപ്പിച്ചു യഹൂദ
യുടെ രാജാവാക്കുകയും ചെയ്തു. യാക്കോബിനെ കൊന്നതും പ
ത്രോസിനെ കാരാഗൃഹത്തിൽ ബന്ധിച്ചതും അഗ്രിപ്പായാണ്.
അപ്പോ പ്രവൃ. ൧൨-ാം അദ്ധ്യായം നോക്കുക.)

അരിസ്റ്റോബുലസ്സിന്റെ രണ്ടാംപുത്രനായ ഹെരോദാ, ചാൽ
സിസ്സ് എന്ന സ്ഥലത്തിന്റെ രാജാവായിരുന്നു. ഇയാൾക്ക് അ
രിസ്റ്റോബുലസ് എന്നൊരു മകൻ ഉണ്ടായിരുന്നു.

നീറോചക്രവർത്തി ചെറിയ അർമ്മീനിയാ ഈ അരിസ്റ്റോബു
ലസിനു ഭരിപ്പാൻ കൊടുത്തു. നർത്തകിയായ ശലോമിയെ വിവാ
ഹംചെയ്തതു് ഇദ്ദേഹമാണ്.

യഹൂദിയയിലെ രാജാവും അരിസ്റ്റോബുലസിന്റെയും മറിയ
മ്നിയുടേയും പൌത്രനുമായ അഗ്രിപ്പാ, ചാൽസിസ്സിലെ ആദ്യത്തെ
രാജാവും പിന്നീട് ഫിലിപ്പിന്റെ സ്ഥാനത്തു് ഗലീലായിലെ ടെ
ട്രാക്കി ഭരിക്കുന്നവനുമായിരുന്നു. അവന്റെ മുമ്പിലും അവന്റെ
സഹോദരനായ ബെർണീക്കയുടെ മുമ്പിലും അഗ്രിപ്പായുടെ രണ്ടാ
മത്തെ മകളായ ദ്രൂസില്ലയെ കല്യാണംകഴിച്ച ഫെലിക്സിന്റെ
മുമ്പിലും പൌലൂസ് തന്റെ പ്രതിവാദം കഴിക്കുന്നതായി പ്രവൃ
ത്തി ൨൫-ൽ വായിക്കുന്നു.

മറിയമ്നിയുടേയും അരിസ്റ്റോബുലസ്സിന്റെയും മകളായ
ഹെറോദ്യ, ഫിലിപ്പിന്റെയും അന്റിപ്പസ്സിന്റെയും ഭാര്യയായി
രുന്നു.

# സ്നാനത്തെപ്പറ്റിയുള്ള ഒരു പ്രസംഗത്തിന്റെ നിരൂപണം.

(തുടർച്ച)

## ശിശുസ്നാനം.

പ്രസംഗഭാഗം. എ. പഴയനിയമസഭയിലേക്കു അബ്രഹാ
മിന്റെ കാലംമുതൽതന്നെ ഒരു പ്രത്യേകകർമ്മംമൂലം പൈതങ്ങളെ
സഭാംഗങ്ങളായി സ്വീകരിച്ചു വന്നു. പരിച്ഛേദന എന്ന ഈ
ർമ്മം ദൈവം തന്നെ നിശ്ചയിച്ചതും ഇതിൽ ആരെങ്കിലും ഉപേ
ക്ഷ കാണിക്കുന്നതു വലിയൊരു പാപമായി ഗണിക്കുന്നതുമാകുന്
"വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം വ
ന്നു പൌലൂസ് ഇതിനെപ്പറ്റി പറയുന്നു. (റോമാ. ൪:൧൧,)
ഴയനിയമകാലത്തു പൈതങ്ങളെ ഒരു പ്രത്യേകകർമ്മം മുഖേന
ഭാംഗങ്ങളായി സ്വീകരിക്കാമായിരുന്നു എങ്കിൽ പുതിയ നിയ
കാലത്തു അതു പാടില്ല എന്നു പറയുന്നതു ശരിയല്ല. ഒരു യ
ൻ മനസ്സു തിരിഞ്ഞു ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നു എന്നു
ചാരിക്കുക. ആ ആളിന്റെ കുടുംബത്തിലുള്ള ശിശുക്കളെക്കൂ
സ്നാനപ്പെടുത്തുന്നില്ലെങ്കിൽ അതു ആ ആളിനു അതിയായ
ശ്ചര്യത്തിനു കാരണമായിത്തീരും. അവർ പരിച്ഛേദനയ്ക്കു അ
ഹരെങ്കിൽ സ്നാനത്തിനും യോഗ്യരാണെന്നു അയാൾ നിശ്ച
മായും പറയും.

## മറുപടി.

വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയ
ളം എന്നു പൌലൂസ് ഇതിനെപ്പറ്റി പറയുന്നു എന്നിങ്ങനെ
പ്രാസംഗികൻ പറയുന്നതു സ്നാനം വിശ്വാസനീതിക്കു മുദ്രയാണെ
എന്നു സ്ഥാപിക്കുന്നതിനത്രെ. എന്നാൽ അബ്രഹാമിനു ല
ച്ച പരിച്ഛേദന, വിശ്വാസനീതിക്കു മുദ്ര അഥവാ ഉറപ്പായിട്ടു
ണു. എങ്കിലും സ്നാനം വിശ്വാസത്താലുള്ള നീതിക്കു ഒരു സ
ർമ്മം എന്നല്ലാതെ ഉറപ്പു എന്നു പറവാൻ പാടില്ല. ഉറപ്പു
അടയാളവും രണ്ടാണു. ക്രിസ്തീയസ്നാനം നീതീകരണത്തിനു
റപ്പാണെന്നു ഒരു സത്യവിശ്വാസിക്കു പറവാൻ കഴി
ന്നതല്ലാ. സ്നാനം ഉണ്ടെങ്കിലും ഇല്ലെങ്കിലും നീതീകരണ

റപ്പുള്ളതു തന്നെ. അല്ലാത്തപക്ഷം സ്നാനപ്പെടാത്തവന്റെ
ീതീകരണം ഉറപ്പുള്ളതല്ലാ എന്നു വരും. സുവിശേഷവിഹിതാ
ശത്തിനു വിപരീതമത്രെ ഈ അഭിപ്രായം. നേരെമറിച്ചു അബ്ര
ാമിനും സന്തതിക്കും കിട്ടിയ പരിഛേദന അബ്രഹാമിനെ ദൈ
ം നീതീകരിച്ചിരിക്കുന്നു എന്നുള്ളതിനു ദൈവപ്രദത്തമായ ഒരു
റപ്പാണ്. അതിനാൽ സ്നാനം നമ്മുടെ നീതീകരണത്തെ ദൃഢ
രിപ്പാൻ ദൈവപക്ഷത്തു നിന്നു നൽകുന്ന ഒരു ഉറപ്പായിട്ടല്ല
പിന്നെയൊ മനുഷ്യപക്ഷത്തുനിന്നുള്ള ഒരു അനുസരണകർമ്മം മ
ത്രമായിട്ടേ ധരിക്കാവൂ.

പഴയനിയമകാലത്തു പൈതങ്ങളെ പ്രത്യേകകർമ്മം മുഖേന
ഭാംഗങ്ങളായി സ്വീകരിച്ചിട്ടുണ്ടെന്നു കണ്ടു പുതിയനിയമ കാല
ത്തു അപ്രകാരം അങ്ങിനെ ചെയ്‌വാൻ പാടില്ല. കാരണം പു
തിയനിയമ സഭ സുവിശേഷവചനം കേട്ടു വിശ്വസിച്ചു രക്ഷപ്പെ
വരുടെ സംഘമാണ്. ശിശുക്കൾക്കു വിശ്വസിപ്പാൻ കഴിവ
ില്ലായ്കയാൽ കഴിവുണ്ടാകുംവരെ അവരെ സഭാംഗങ്ങളാക്കുവാ
ന്യായവാദമില്ല. യഹൂദൻ മനസ്സുതിരിഞ്ഞു ക്രിസ്തുമാർഗ്ഗം സ്വ
കരിക്കുമ്പോൾ അയാളുടെ കുടുംബത്തിൽ പെട്ട ശിശുക്കളെകൂടി
സ്നാനപ്പെടുത്തുന്നില്ലെങ്കിൽ അയാൾക്കു ആശ്ചര്യമായി തോ
ന്നുകയില്ല. കാരണം സഭ വിശ്വസിച്ചു വിശുദ്ധന്മാരുടെ കൂട്ടമ
ാണെന്നത്രെ അയാളുടെ അറിവ്. നേരെമറിച്ചു വീണ്ടുംജനിക്കാ
ത്ത കുട്ടികളെ സ്നാനപ്പെടുത്തി സഭയിൽ ചേർക്കുന്നതായാൽ അയാ
ൾക്കു ആശ്ചര്യത്തെ ഉണ്ടാക്കും. കാരണം പഴയനിയമ
സഭപോലെയല്ല പുതിയനിയമ സഭ. പുതിയനിയമസഭയിൽ വീ
ണ്ടും ജനിച്ചവരെ മാത്രമെ അംഗങ്ങളായി സ്വീകരിക്കയുള്ളു.
കൾ പരിഛേദനക്കു അർഹരായിരുന്നു എങ്കിലും അവർ പു
നം പ്രാപിച്ചിട്ടില്ലായ്കകൊണ്ടു ആ വിശേഷാനുഭവത്തെ
ിക്കുന്ന സ്നാനത്തിനു അയോഗ്യന്മാർ തന്നെ എന്നു അയാ
ളും പറയും.

## പ്രസംഗഭാഗം.

ബി. പുതിയനിയമത്തിൽ ഒരിടത്തും ശിശുസ്നാനം വ
ിച്ചിട്ടില്ല.

മറുപടി.

പുതിയനിയമകാലത്തു ശിശുസ്നാനം നടപ്പുണ്ടായിരുന്നെ
ൽ മാത്രമെ അതിനെ വിരോധിപ്പാൻ ഇടയുള്ളു. നടപ്പില്ലാ
ഒന്നിനെ, വിരോധിക്കേണ്ട ആവശ്യം ഇല്ലല്ലൊ. എന്നാൽ
ശ്വസിച്ചു സ്നാനപ്പെടുക എന്നുള്ള കൎത്താവിന്റെ പ്രമാണത്താ
ശിശുസ്നാനം എന്നേക്കുമായി വിരോധിക്കപ്പെട്ടിരിക്കുന്നു. ഇ
നം പുറമെ പൂൎണ്ണമനസ്സോടെ വിശ്വസിക്കുന്നു എങ്കിൽ (സ്നാന
ആകാം എന്നവാക്കും ശിശുസ്നാനത്തിന്ന ഖണ്ഡകൻ തന്നെ.

പ്രസംഗഭാഗം.

പഴയനിയമകാലത്തെ പരിഛേദനയുടെ സ്ഥാനത്തു പ
തിയനിയമകാലത്തു് സ്നാനം ഉണ്ടായിരിക്കണമെന്നുള്ളതു ദൈവ
ഉദ്ദേശം തന്നെ ആയിരിക്കണം.

മറുപടി.

ദൈവോദ്ദേശ്യങ്ങളെ അറിയല്ല. പഴയനിയമകാലത്തെ പരി
ഛേദനയുടെ സ്ഥാനത്തു പുതിയനിയമകാലത്തു സ്നാനം അല്ലാ
ൎപ്പെടുത്തപ്പെട്ടിരിക്കുന്നതു്. അല്ലെങ്കിൽ ക്രിസ്തുവും, ആദ്യകാല
ത്തു മനസ്സുതിരിഞ്ഞുവന്ന യഹൂദന്മാരും രണ്ടുതവണ സ്നാനപ്പെട്ട
തായും രണ്ടു തവണ പരിഛേദന ഏറ്റതായും വരും. കാരണം
ഒന്നു മറ്റതിന്നു പകരം നിൽക്കുന്നു എന്നാണു് പ്രസംഗകൎത്താ
വു പറയുന്നതിന്റെ താല്പൎയ്യം. ഉദ്ദേശം രണ്ടിന്നും ഒരു സ്ഥാനമാ
ണു് ഉള്ളതെങ്കിൽ ഒന്നിൽ സ്ത്രീകളെ സംബന്ധിപ്പിക്കാതെയും
മറ്റതിൽ സ്ത്രീകളെ സംബന്ധിപ്പിച്ചും വന്നതു എങ്ങിനെ?

പ്രസംഗഭാഗം.

സി. ഈ കുടുംബങ്ങളിലും കുഞ്ഞുങ്ങൾ ഇല്ലായിരുന്നിരിക്ക
മൊ; വേദപുസ്തകത്തിൽ അങ്ങുമിങ്ങും കുടുംബങ്ങൾ അല്ലെങ്കിൽ
ഭവനങ്ങൾ എന്നു പറഞ്ഞിരിക്കുമ്പോൾ ശിശുക്കൾ ഇല്ലാത്തതാ
യ ഭവനങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുന്നതു പ്രയാസം. അതു
സംഭാവ്യവുമല്ല.

മറുപടി.

ഈ ഭവനങ്ങളിൽ കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു എന്നൊ ഇല്ലാ
യിരുന്നു എന്നോ വരാം. ഉണ്ടായിരുന്നാലും ഇല്ലെങ്കിലും വിശ്വാ
സവിഹീനരായ ശിശുക്കളെ അപ്പോസ്തോലന്മാർ സ്നാനപ്പെടുത്തുക

യില്ല. കാരണം വിശ്വാസം ആദ്യമായും സ്നാനം രണ്ടാമതായു ആണു് അവരുടെ യജമാനൻ തന്റെ വചനത്തിൽ വ്യവസ്ഥ പ്പെടുത്തിയിട്ടുള്ളതു്.

### പ്രസംഗഭാഗം

ഡി. ചെറിയ കുഞ്ഞുങ്ങളോടുള്ള യേശുവിന്റെ പെരുമ ാം മൎക്കൊ. ൰: ൧൩—൧൬, വരെ വായിക്ക. യേശുവിൽ നി ന്നു അനുഗ്രഹം പ്രാപിക്കുന്നതിനു് കുഞ്ഞുങ്ങൾ യോഗ്യതയുള്ള വർ തന്നെ എന്നുള്ളഭാഗം തെളിയിക്കുന്നു. അവൎക്കു യാതൊന്നു ഗ്രഹിക്കുന്നതിനു കഴിവില്ലാതെ ഇരുന്നു എങ്കിലും താൻ അവരെ അനുഗ്രഹിക്കുന്നു. അവർ അതിനു പാത്രതയുള്ളവർതന്നെ സം ശയമില്ല. ആ പ്രവൃത്തിയെ തടഞ്ഞവരെ കൎത്താവു ശാസിക് ന്നു. ഇന്നും അവൻ അങ്ങനെ ചെയ്യുന്നു എന്നു വിചാരിക്കുന്ന തിൽ തെററില്ല തന്നെ.

### മറുപടി.

മൎക്കൊ ൰: ൧൩—൧൬, വരെയുള്ള വാക്യങ്ങളിൽ യേശു ശിശുക്കളെ അനുഗ്രഹിച്ചതായിട്ടാണല്ലൊ പറഞ്ഞിരിക്കുന്നതു് ദൈവം ശിശുക്കളെ അനുഗ്രഹിക്കുന്ന സംഗതിയിൽ ഞങ്ങൾ വി രോധം പറയുന്നില്ലാ. നിൎജ്ജീവസാധനങ്ങൾക്കു അനുഗ്രഹം ലഭ ക്കാമെന്നു വേദത്തിൽ ധാരാളം തെളിവുകൾ കാണുന്ന സ്ഥിതിക്കു ശിശുക്കൾക്കു അനുഗ്രഹം ലഭിക്കുന്ന സംഗതിയിൽ യാതൊരു ത്ത തവുമില്ല. എന്നാൽ കേവലം അനുഗ്രഹം ലഭിക്കുന്നതും, വിശ്വ സിച്ചുവരുടെ കൂട്ടത്തിൽ ഒരംഗമായിരിക്ക എന്നുള്ളതും എത്ര യാ അകന്ന രണ്ടു സംഗതികളാണു ഇവിടെ വാദം. ശിശുവിന്റെ ഗ്രഹത്തെപ്പററിയല്ല, ശിശു സ്നാനത്തെപ്പററിയാണെന്നുള്ള വ ത്തുവം പ്രസംഗകൻ മറന്നു പോയിരിക്കുന്നു.

### പ്രസംഗഭാഗം.

യേശുക്രിസ്തുവിന്റെ കാലത്തിനു മുൻപു മുതൽ തന്നെ പു ജാതികളെ യഹൂദമതത്തിലേക്കു ചേൎക്കുമ്പോൾ അവരുടെ കുഞ്ഞ ങ്ങളെയും സ്നാനപ്പെടുത്തി ചേൎക്കുന്ന പതിവുണ്ടായിരുന്നു.

### മറുപടി.

യഹൂദമതത്തിൽ കുഞ്ഞുങ്ങൾ ചേരുന്നതിനു വിരോധം ഇല്ല കാരണം അതു മനസ്സു തിരിഞ്ഞവരുടെ കൂട്ടമല്ല. ക്രിസ്തുസഭയോ മാനസാന്തരപ്പെട്ടവരുടെ കൂട്ടമാകയാൽ അതിൽ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തി ചേൎക്കുന്ന പതിവില്ലായിരുന്നു.

## പ്രസംഗഭാഗം.

ആദ്യക്രിസ്ത്യാനികൾ എല്ലാംതന്നെ ശിശുസ്നാനം സാധ
രണ പരിചയത്തിൽ വരുത്തിയിരുന്ന ഒന്നാകുന്നു. ക്രിസ്തുവി
പിൻപു ഒരു ൧൫൦ വർഷകാലത്തേക്ക തെർത്തുല്യൻ എന്ന ഒ
എഴുത്തുകാരനെ ഒഴിച്ചാൽ ശേഷം എല്ലാവരും തന്നെ ശിശു
നം ആദിയോടു അന്തം സഭയിൽ സാധാരണ നടപ്പിലിരുന്ന ഒ
പതിവാണെന്നു തങ്ങളുടെ എഴുത്തുകളിൽ കാണുന്നു.

## മറുപടി.

ആദ്യക്രിസ്ത്യാനികൾ എല്ലാംതന്നെ ശിശുസ്നാനം സാധാ
ണ പരിചയത്തിൽ വരുത്തിയിരുന്നു ഒന്നാകുന്നു എന്നു പ്രസം
കൻ പറയുന്നതിനു ആധാരമില്ല. കാരണം ആദ്യക്രിസ്ത്യാനി
ളുടെ ഒരു നൂററാണ്ടിലെ ചരിത്രം പുതിയനിയമത്തിൽ കാണു
ന്നുണ്ട്. അതിന്റെ ഒരു ഭാഗത്തുപോലും ആദ്യക്രിസ്ത്യാനികൾ
ശിശുസ്നാനം ആചരിച്ചതായി രേഖയില്ല. അതിനോടു അടുത്തു
ള്ള ൧൫൦ കൊല്ലത്തെ സംഗതിയാണല്ലോ പിന്നീടു പറവാനുള്ള
ത്. ഇതിനിടയ്ക്കു ശിശുസ്നാനത്തെ നിഷേധിച്ചതു "തെർത്തുല്യൻ
ഒരുവനാണത്രേ. ഇതു ശരിയോ? ചരിത്രം നോക്കിയാൽ ഇ
൧൫൦ കൊല്ലങ്ങൾക്കിടയിൽ ശിശുസ്നാനം നിഷേധിച്ച സത്യവി
ശ്വാസികൾക്കു കണക്കില്ല. പ്രസിദ്ധന്മാരായ പൂർവ്വപി
താക്കന്മാരിൽ ശിശുസ്നാനം ഏൽക്കാതെ വിശ്വാസസ്നാനം ഏ
ററവരുടെ പേരുകൾ പ്രാസംഗികൻ കേൾക്കണമൊ? ഗ്രെഗറി
സ്യന്തെസ്, മാർ അപ്രേം, വി: ബസേലിയോസ്, വി: ക്രിസോസ്തോ
വി: അംബ്രോസ്, ഓഗസ്റ്റീൻ, ജറോം, തിയോഡോഷ്യസ് ചക്ര
ത്തി മുതലായവർ പ്രസിദ്ധന്മാരല്ലേ? ഇവർ ശിശുസ്നാനം ഏററ
ന്നുവൊ? ലേഖകൻ ചരിത്രം നോക്കി പറയട്ടെ. സ്നാനപ്പെ
ഞ്ഞാൽ രക്ഷയില്ല എന്നുള്ള ഉപദേശം അതിന്റെ പരമകാഷ്ഠ
യിൽ എത്തിയശേഷമാണു ശിശുസ്നാനം ഇത്ര വ്യാപ്തമായതു
എന്നുള്ളതിനു ആവശ്യമുണ്ടെങ്കിൽ നല്ല തെളിവു കാണിച്ചു
തരാം.

## പ്രസംഗഭാഗം.

ക്രിസ്തുവിനു മുമ്പു ഒരു ൧൫൦ വർഷകാലത്തോളം ശിശുക്ക
ളെ ഒരു ബാഹ്യകർമ്മം മൂലം സഭാംഗങ്ങളായി സ്വീകരിച്ചു എന്ന
തു നിഷേധിപ്പാൻ പാടില്ലാത്ത ഒരു സത്യമാകുന്നു. ഈ ന

…ഭേദപ്പെടുത്തുകയും കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്നതിൽനിന്ന …ടയുകയും ചെയ്യുന്നുവായിരുന്നെങ്കിൽ ആ ഉദ്ദേശത്തെ പ്രസ്താവി…ക്കുന്ന ഒരു വാക്യമെങ്കിലും ഉണ്ടായിരിക്കുമായിരുന്നു. ആ പതിവ് …ഭേദപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നതിനാൽ അതിന വാക്യ…മില്ലാ.

മറുപടി.

നടപ്പു ഭേദപ്പെടുത്തീട്ടില്ല എന്നു സംശയിക്കാൻ ഇടയുണ്ടാ…യിരുന്നെങ്കിൽ മാത്രമെ അങ്ങിനെ പ്രസ്താവിക്കുന്ന ഒരു വാക്യം എഴുതേണ്ട ആവശ്യമുണ്ടായിരുന്നുള്ളൂ. എന്നാൽ സഭ വിശ്വാസി…കളുടെ കൂട്ടമായിരുന്നതിനാൽ ശിശുക്കളെ സ്നാനപ്പെടുത്തിവെ…ക്കുന്നതു സഭയുടെ അടിസ്ഥാനപ്രമാണങ്ങൾക്കു വിപരീതമാണെ…ന്ന പ്രഥമശതകത്തിലെ ക്രിസ്ത്യാനികൾക്കു നല്ലവണ്ണം അറി…വാമായിരുന്നതിനാൽ അങ്ങിനെ ഒരു വാക്യത്തിന്റെ ആവശ്യ…മ ഉണ്ടായില്ല.

പ്രസംഗഭാഗം

മാനസാന്തരപ്പെട്ടു വിശ്വസിച്ചതിന്റശേഷമല്ലാതെ ആരെ…യും സ്നാനപ്പെടുത്തരുതെന്ന കാണിക്കുന്ന ഒരു വാക്യമെങ്കിലും വേ…ദപുസ്തകത്തിലുണ്ടോ?

മറുപടി.

സ്നാനത്തെപ്പററിയുള്ള സകല വാക്യങ്ങളിലും വിശ്വസിച്ചു …സ്നാനപ്പെടുകയെന്നുള്ളതല്ലാതെ സ്നാനപ്പെട്ടു വിശ്വസിക്ക എന്ന …ചൊല്ലപ്പാട ഒരിടത്തും കാണുന്നില്ല. വിശ്വസിപ്പാൻ കഴിവില്ലാ…ത്തവരെ സ്നാനപ്പെടുത്താതെയോ സ്നാനപ്പെടുത്തേയോ സഭയോടു …ചേർക്കാനും ഒരു വാക്യവും അനുവദിക്കുന്നില്ല.

പ്രസംഗഭാഗം.

കുഞ്ഞുങ്ങൾക്കു കൃപയും പരിശുദ്ധാത്മാവും പ്രാപിപ്പാൻ …കഴികയില്ല എന്നു ബാപ്ററിസ്ററുകാർ പറയുമൊ?

മറുപടി.

കൃപ ലഭിച്ചതുകൊണ്ടു ഒരു ജീവിയെ സ്നാനപ്പെടുത്താവുന്നത…ല്ല. കൃപയെ അംഗീകരിക്കുന്നതുകൊണ്ടു മാത്രമെ സ്നാനപ്പെട്ടു…ന്നാലു. കൂടാതെ പരിശുദ്ധാത്മാവു പ്രാപിച്ചിട്ടുള്ളവരൊക്കെയു…

സ്നാനം അംഗീകരിച്ചവരായിരിക്കണമെന്നു നിർബന്ധമില്ല
ന്നു അറിഞ്ഞുകൊള്ളണം.  ക്രിസ്തീയ സമുദായത്തിൽ പരി
ത്മാവു് പ്രാപിക്കുന്നതിനു് മുൻപായിരുന്നാലും പിൻപായി
ലും സത്യവിശ്വാസികൾ സമസ്തരും സ്നാനപ്പെടണമെന്നാണ
വ്യവസ്ഥ.  ക്രൈസ്തവ സഭാംഗമല്ലാത്ത യോഹന്നാൻ
കന്റെ കഥ ഇവിടെ വലിച്ചിഴച്ചു കൊണ്ടുവരുവാൻ ലേഖ
പെട്ടപാട് ഓർത്തു് ഞങ്ങൾ ദുഃഖിക്കുന്നു  കാരണം ശിശു
മാകട്ടെ വിശ്വാസസ്നാനമാകട്ടെ അംഗീകരിക്കാത്ത യോഹ
സ്നാപകന്റെ കഥ ഈ സ്ഥാനത്തു വ്യർത്ഥദൃഷ്ടാന്തമായി
കുന്നു.

## ഡാക്ടർ കൃഷ്ണമോഹൻ ബാനർജി.

ഇൻഡ്യയിലെ മഹാപണ്ഡിതന്മാരുടെ ഇടയിൽ അ
തീയമായ ഒരു സ്ഥാനത്തെ അർഹിച്ചിരുന്ന ഡാക്ടർ കൃഷ്ണ
ഹൻ ബാനർജി ൧൮൧൩ മെയ് മാസത്തിൽ കല്ക്കട്ടായ്ക്കു
ക്കു തൊന്തോണിയ എന്ന സ്ഥലത്തു് ഒരുൽകൃഷ്ട ബ്രാഹ്മണക
ബത്തിൽ ജാതനായി.  അദ്ദേഹത്തിന്റെ അച്ഛനു് ജീബൻ
ഷ്ണ ബാനർജി എന്നും അമ്മയ്ക്കു ശ്രീമതി എന്നും പേരായിരു
അഞ്ചാമത്തെ വയസ്സിൽ സിംലായിലെ ഒരു പാഠശാലയിൽ
ക്ഷരാഭ്യാസത്തിനിരുന്നു.  പിന്നീട് ൧൧-ാം വയസ്സിൽ ഉപന
നം (പൂണുനൂൽ ഇടുന്ന കർമ്മം) കഴിഞ്ഞു.  ൧൮൨൪ ഫെബ്രു
രി മാസത്തിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി ഹിന്ദുകോളജി
പ്രവേശിക്കയും സംസ്കൃതവും ഇംഗ്ലീഷും പഠിച്ചുതുടങ്ങുക
ചെയ്തു.

൧൮൨൮-ൽ അദ്ദേഹത്തിന്റെ അച്ഛൻ കാലധർമ്മം പ്ര
പിച്ചു.  ആ മാസം പകുതി കഴിഞ്ഞപ്പോൾ കൃഷ്ണമോഹനു് അ
വിടത്തെ വിദ്യാഭ്യാസകമ്മിട്ടിയിൽനിന്നു് മാസമൊന്നുക്കു ൧
രൂപാ വീതമുള്ള ഒരു സ്കോളർഷിപ്പ് കിട്ടി.  ഇവിടത്തെ വി
ദ്യാഭ്യാസാനന്തരം അദ്ദേഹം ഡൽഹി കോളജിൽ അദ്ധ്യാപകവൃ
ത്തിയിൽ പ്രവേശിക്കയും പിന്നീട് ഗൃഹഭരണത്താൽ ആ ജോലി
ഉപേക്ഷിക്കയും ചെയ്തു.

തദനന്തരം അദ്ദേഹത്തെ നാം കാണുന്നത് ഫൊറൂൽ
ഗാപാഠശാലയിലാണ്. ഇക്കാലത്ത് അദ്ദേഹത്തിന മതവിശ
സം ക്ഷയിക്കാൻ തുടങ്ങി. ഹിന്ദുമതത്തിൻെറ ദൂഷ്യഭാഗ
ം കണ്ടും അതിൻെറ പല ആചാരങ്ങളും യുക്തിവിരുദ്ധമെ
ഗ്രഹിച്ചും അതിനോടുള്ള ബന്ധം പരോക്ഷമായ വിധത്തിൽ
പക്ഷിച്ചു. ഇതിനോടുകൂടി ഡിറോസിയോ എന്നൊരു നാസ്
ന്നുമായി പരിചയിക്കയാൽ ദൈവത്തിൻെറ അസ്തിത്വത്തില
ആത്മാവിൻെറ അനശ്വരതയിലുമുള്ള വിശ്വാസവും പരിത്യ
ച്ചു. ൧൮൩൧-ൽ ഇംഗ്ലീഷിൽ "എൻക്വയറർ" എന്നൊ
പത്രം അദ്ദേഹം പ്രസിദ്ധീകരിച്ചുതുടങ്ങി. ഇതിൽ മതത്തെ
ന്ധിച്ച വളരെ എഴുതുകയാൽ വീട്ടിൽനിന്നും സ്വസമുദായത്ത
ൽനിന്നും കൂടി അദ്ദേഹം പുറത്തിറങ്ങേണ്ടിവന്നു.

ഇങ്ങിനെ നിർവ്വിശ്വാസവനത്തിൽ അലഞ്ഞുതിരിയുമ്പോ
ാണ് ആർച്ച്ഡീക്കൻ ഡൽടി റവ: മി. ഹിൽ, ഡാക്ടർ ഡ
ഫ് എന്നിവരുടെ ക്രിസ്തുമതപരമായ ചില പ്രസംഗങ്ങൾ കേ
ൾപ്പാൻ ഇടയായത്. ഈ കൂട്ടത്തിൽ ഡാക്ടർ ഡഫുമായി അ
ദ്ദേഹം പിന്നീട്ട പല പ്രാവശ്യം നേരിട്ടു കണ്ടു. മതസംബന്ധ
ായ സംശയങ്ങൾ ചോദിക്കുകയും വാദം നടത്തുകയും ചെയ്തു
ൽഫലമായി അദ്ദേഹത്തിൽ ക്രിസ്തുവിശ്വാസജ്യോതിസ്സ് ഉദ
ച്ചയരുവാൻ തുടങ്ങി.

ലോകചരിത്രാത്താവായ യേശുക്രിസ്തുവിൻെറ ക്രൂശിലുള്ള
ാതിനിധ്യ മരണവും തന്മൂലമുള്ള രക്ഷയും ഇദ്ദേഹത്തിൻെറ
ദയത്തിൽ കടക്കത്തക്കവണ്ണം പണ്ഡിതനായ ഡഫ് യഥാ
 രക്ഷാമാർഗ്ഗത്തെ കൃഷ്ണമോഹന തെളിയിച്ചുകൊടുത്തു. എ
 വിധം സമസ്തപാപങ്ങളിൽനിന്നും ഉദ്ധരിക്കുന്ന ഒരു രക്ഷി
വായി ഭഗവാൻ യേശുക്രിസ്തുവിനെ അദ്ദേഹം കാണുകയും
മൂലം ഹൃദയത്തിന നിത്യമായ ശാന്തി ലഭിക്കയും ചെയ്തു.

ഇതിൻെറ ശേഷവും താൻ നടത്തിക്കൊണ്ടിരുന്ന "എൻ
യറർ" എന്ന പത്രത്തിൽ തൻെറ മാനസാന്തരത്തിനുള്ള
ായങ്ങളെക്കുറിച്ചു എഴുതിക്കൊണ്ടിരിക്കയാൽ പല സ്നേഹി
ാക്കും ക്രിസ്തുമതത്തിൻെറ സാർവ്വജനീനത്വം ബോധ്യപ്പെട്ട
 അവരും പ്രസ്തുത മതത്തിന സ്വാഗതം പറകയും ചെയ്തു.

തന്റെ ആത്മാവിന് നിത്യശാന്തി പ്രദാനം ചെയ്യത്തക്ക ഒരു മതം കണ്ടുപിടിക്കാൻ ഇടയായതിൽ സന്തുഷ്ടനായ കൃഷ്ണമോഹൻ ഡാക്ടർ ഡഫിനോടു തന്നെ സ്നാനപ്പെടുത്തുവാൻ അപേക്ഷിക്കയും ൧൮൩൨-ൽ ആ വിശുദ്ധ കർമ്മത്തിനു വിധേയനാകയും ചെയ്തു.

സ്വല്പകാലം കഴിഞ്ഞതിനുശേഷം ഇദ്ദേഹം ബിഷപ്പ് ഡാനിയൽ വിൽസനാൽ ആംഗ്ലിക്കൻ സഭയുടെ ധർമ്മാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. ഇദ്ദേഹം ഈ ജോലിയിൽ ഇരുന്നുകൊണ്ട് മതാന്വേഷികളുടെ സംശയങ്ങൾ പരിഹരിക്കയും മതപീഡയനുഭവിക്കുന്നവർക്കു സഹായിക്കയും ശുശ്രൂഷിക്കയും, അനിഷേധ്യവും അഖണ്ഡ്യവുമായ തെളിവുകൾ കൊണ്ട് ഓരോ ഹൃദയങ്ങളിലും ക്രിസ്തുമാർഗ്ഗത്തെ ഉറപ്പിക്കയും ചെയ്തു.

൧൮൫൨-ൽ ഇദ്ദേഹം ബിഷപ്സ് കോളജിലെ പ്രൊഫസരായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അഗാധമായ ഹിന്ദുമതജ്ഞാനവും ക്രിസ്തുമതപാണ്ഡിത്യവും തത്വജ്ഞാനപരമായ അന്യാദൃശ നൈപുണ്യവും ഇക്കാലത്തു പൂർവ്വാധികം പ്രകാശിക്കുവാൻ തുടങ്ങി. ക്രിസ്തുവിന്റെ മരണം മുഖാന്തരമുള്ള രക്ഷ ഹിന്ദുക്കളുടെ പ്രധാന വേദമായ ഋഗ്വേദത്തിൽ നിന്നു തന്നെ തെളിയിക്കാമെന്ന് ഇദ്ദേഹം വാദിച്ചു. ഏതദ്വിഷയമായി വളരെ ലഘുലേഖകളും പുസ്തകങ്ങളും ഇദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വേദങ്ങളിൽ കാണുന്ന പ്രജാപതിയാഗം ക്രിസ്തുവിന്റെ ശരീരയജ്ഞത്തിന്റെ പൂർവസൂചനമാണെന്നും യജ്ഞം യജമാനന്റെ (യാഗം കഴിക്കുന്നവന്റെ) ആത്മാവിനെ പാപങ്ങളിൽനിന്നു രക്ഷിക്കയും അവനു മോക്ഷപ്രാപ്തി കൊടുക്കയും ചെയ്യുമെന്നു പറയപ്പെട്ടിരിക്കുന്നതു വാസ്തവത്തിൽ ക്രിസ്തുയജ്ഞത്തെപ്പറ്റിയാണെന്നും അതിനാൽ വേദാന്തസാരജ്ഞരായ സകല ഹിന്ദുക്കളും ക്രിസ്തുമതം അംഗീകരിക്കേണ്ടതാണെന്നും അദ്ദേഹം സ്ഥാപിച്ചു. ൧൮൭൬-ൽ കല്ക്കട്ടാ യൂനിവേഴ്സിറ്റിയിൽ നിന്ന് അവിടത്തെ സംസ്കൃതഭാഷാ പരീക്ഷകനായിരുന്ന ഇദ്ദേഹത്തിന് ഡി. എൽ. സ്ഥാനം കൊടുക്കപ്പെട്ടു. സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു, ബംഗാളി, ഹിന്ദി, ഇംഗ്ലീഷ് മുതലായ പത്തു ഭാഷകളിൽ വിപുലമായ ജ്ഞാനം സമ്പാദിച്ചിരുന്ന ഭാഷാപണ്ഡിതനും യേശുക്രിസ്തുവിലു

ള ഭക്തിയെ മരണപൎയ്യന്തം പാലിക്കയും പരിപാവനമായ
ക്രിസ്തുമതത്തെ പ്രചരിപ്പിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്തു
കൊണ്ടിരിക്കയും ചെയ്ത മഹാപുരുഷനായ ഇദ്ദേഹം ൧൮൮൨
മെയ് മാസം ൨൧-ാംനു ൭൭-ാം വയസ്സിൽ അന്ത്യനിദ്ര പ്രാ
പിച്ചു.

ഈ മഹാന്റെ ചരിത്രത്തിൽനിന്നു സാധാരണ ജനങ്ങൾ
മാത്രമല്ല, മഹാവിദ്വാന്മാരും മഹാചിന്തകന്മാരുംകൂടി ക്രിസ്തുമ
തത്തെ ആശ്ലേഷിക്കുന്നുണ്ടെന്നു തെളിയുന്നുവല്ലോ.

വായനക്കാരാ! നീ ധനം കൊണ്ടോ പഠിപ്പുകൊണ്ടോ
കഴിവുകൾകൊണ്ടോ എത്ര പ്രസിദ്ധി നേടിയിട്ടുള്ളവനായിരുന്നാ
ലും നിന്റെ എണ്ണമില്ലാത്ത പാപങ്ങളിൽ നിന്നു നിന്നെ ര
ക്ഷിപ്പാൻ ഒരു രക്ഷിതാവു് ആവശ്യമില്ലയോ? അതിലേക്കു
ദൈവം ഒരു വലിയ രക്ഷിതാവിനെ മനുഷ്യലോകത്തിനു ന
ൽകിയിരിക്കുന്നു. ദൈവനിശ്വസ്തമായ മതഗ്രന്ഥത്തിൽ എഴുതി
യിരിക്കുന്നതിനെ നീ വിശ്വസിച്ചു നിന്റെ ആത്മാവിനു് രക്ഷ
സമ്പാദിച്ചുകൊൾക.

“അവൾ (മറിയം എന്ന കന്യക) ഒരു മകനെ പ്രസവി
ക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു
രക്ഷിപ്പാനിരിക്കകൊണ്ടു് അവനു് യേശു എന്നു് പേർ ഇടണം”
മത്താ. ൧:൨൧.

# യോശുവായുടെ കാലത്തു

## സൂൎയ്യൻ നിശ്ചലമായി നിന്നുവോ?.

അത്ഭുതപ്രവൃത്തികളെ അവിശ്വസിക്കുന്നതു് അസാധാരണ
മായ വിവേചനശക്തിയുടെ പ്രത്യക്ഷലക്ഷ്യമായി കരുതുന്ന ഒ
രു കൂട്ടർ ഇക്കാലത്തുണ്ടു്. അങ്ങനെയുള്ളവരിൽ ആരെങ്കിലും എ
ന്റെ വായനക്കാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുവെങ്കിൽ, യോശുവാ
൧൦-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതും വിശ്വാസാതീതവുമ
“ദിവസദൈർഘ്യ”ത്തെപ്പററി എന്നോടുകൂടി ചിന്തിക്കുന്നതി
ന്നു് അവരെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ഡാക്ടർ കുക്കിന് (Dr. Cook) ഉത്തരധ്രുവത്തിൽ എത്ത
ൻ സാധിച്ചുവെന്നുള്ളത് അപ്രതിഷേധ്യമാനവിധത്തിൽ തെ
യിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ യാത്രയിലുള്ള
അപ്രധാനങ്ങളായ ഇതരസംഭവങ്ങളെ വിശ്വസിക്കുവാൻ നമുക്ക്
നിഷ്പ്രയാസം കഴിയുമായിരുന്നു. ഏതെങ്കിലുമൊരു അത്ഭുതപ്ര
ത്തിയിലെ ഏററവും വിശ്വാസാതീതമായ സംഗതി തൃപ്തികരമ
യവിധത്തിൽ, നിസ്സംശയമായി തെളിഞ്ഞു കിട്ടുന്നപക്ഷം—അ
തിനെപ്പററിയുള്ള സംശയങ്ങൾ അടിസ്ഥാനരഹിതങ്ങളും
കതിവിഹീനങ്ങളുമാണെന്നു കണ്ടാൽ—സ്പഷ്ടമായ തെളിവുക
കിട്ടുന്നതിനു പ്രയാസമുള്ള അപ്രധാനഭാഗങ്ങൾ വിശ്വസിക്ക
തിരിക്കുന്നതു വെറും മക്കടമുഷ്ടിയല്ലാതെ എന്താണ്?.

അതുപോലെ, ബൈബിളിലുള്ള അത്ഭുതങ്ങളിൽ ഏററവും
വിശ്വാസാതീതമെന്നു പൊതുവെ അറിയപ്പെടുന്ന ഒരു സംഭവ
ത്തെപ്പററി പര്യാലോചിക്കാം. ഇതുവരെ ഈ പ്രസ്താവന തെ
റാണെന്നു ഒരുവനോടു പറഞ്ഞുകൊണ്ടിരുന്ന അവന്റെ ബോ
ധേന്ദ്രിയം ഈ സംഗതിയിൽ തെററിപ്പോയി എന്നു കണ്ടാൽ അ
വനു് അവന്റെ ബോധേന്ദ്രിയത്തെ അവിശ്വസിക്കുന്നതിനും, ഇ
തുപോലെ സംശയമുള്ള ഇതര വേദഭാഗം കാണുമ്പോൾ അതിനെ
സംബന്ധിച്ചു കൂടുതൽ വെളിച്ചമുണ്ടാകുന്നതുവരെ ക്ഷമിച്ചിരിക്ക
ന്നതിനുള്ള ഒരു മനസ്സുണ്ടാകുന്നതിനും ഇടയാകുമെന്നുള്ളതു് ഏ
ററവും യുക്തിയുക്തമാകുന്നു.

സംശയത്തിലുള്ള വേദഭാഗം ഇതാണു്. യോശുവാ ൧൦:൧൨-൧൪

ആദ്യമായി, ദൈവത്തിന് ഈ അത്ഭുതം പ്രവർത്തിക്കുവാൻ
കഴിവുണ്ടായിരുന്നു എന്നുള്ളതിൽ ആർക്കും സംശയമുണ്ടാകയില്ല.
എന്നാൽ ദൈവം അതു ചെയ്തുവോ എന്നുള്ളതിൽ മാത്രമേ
സംശയത്തിനു അവകാശമുള്ളു. ഞാൻ നിങ്ങളെ എന്റെ കൈ
ളിലുള്ള ഒരു ഘടികാരം കാണിക്കുന്നു എന്നു വിചാരിക്കുക. അ
തിന്റെ സൂചി ഇടത്തോട്ടാണല്ലോ ചുററുന്നതു്. എന്നാൽ അതി
ന്റെ നിർമ്മാതാവിനു് അങ്ങനെ വിചാരിക്കുന്നപക്ഷം അതിന്റെ
സൂചി [illegible] ത്തോട്ടു ചുററുന്ന രീതിയിലൊ കുറെ സമയം അപ്ര
കാരം ചുററിയതിന്റെ ശേഷം ഒന്നു രണ്ടു നിമിഷം നിന്നിട്ടു വീ
ണ്ടും ഗതി തുടരുന്ന രീതിയിലൊ അതിനെ നിർമ്മിക്കാമായിരുന്നു
വെന്നു നിങ്ങൾ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അപ്രകാരം തന്നെ ഈ സൗരയൂഥത്തെ ദൈവനിർമ്മിതമ
ാ ഭീമാകാരമായ ഒരു ഘടികാരമായി പരിഗണിക്കപ്പെടാവുന്നത
ണ്. സൂര്യചന്ദ്രനക്ഷത്രാദികളെ സൃഷ്ടിച്ചു രക്ഷിച്ചു പോരുന്ന
ദൈവത്തിന്റെ സ്വഹിതപ്രകാരം യാതൊരപകടവും സംഭവിക്ക
ാത തന്നെ അവയുടെ ചലനത്തിൽ ഗണ്യമായ ഒരു ഭേദഗതിചെ
യ്യാൻ സാധിക്കുമെന്നുള്ളതിന്ന രണ്ടുപക്ഷമില്ല. അതുകൊണ്ട്
അത്ഭുതങ്ങൾ വിശ്വസിക്കുന്നതു അസാദ്ധ്യമാണെന്ന എന്നോ
ആരെങ്കിലും പറഞ്ഞാൽ, അവൻ, ഈ പ്രപഞ്ചത്തിന്റെ എല്ലാ
സൃഷ്ടികർത്താവിന്ന സ്വകാര്യനിർവ്വഹണാർത്ഥം അതിൽ ഏതെ
ങ്കിലുമൊരു ഭാഗത്തെ മാററുന്നതിന്ന കഴികയില്ലെന്നുള്ള അത
ായതു, സൃഷ്ടികർത്താവിന്ന സൃഷ്ടിയുടെ മേൽ കർത്തൃത്വമില്ലെന്നുള്ള
ഒരു അബദ്ധാഭിപ്രായം കൊണ്ടു വരുക മാത്രമാകുന്നു ചെയ്യുന്നതു്

ഇനിയും നമുക്കു വേദഭാഗം സൂക്ഷ്മമായി പരിശോധി
ക്കാം. ബേത്ത്ഹോരോനിലേക്കുള്ള വഴിയിൽ നിൽക്കുന്ന ഒരു
ാളിന്ന ഒരു സമയത്തു സൂര്യൻ ഗിബെയോന്നു മുകളിലായും ചന്ദ്രൻ
അജ്ജാലോൻ താഴ്വരയ്ക്കുപരിയായും കാണപ്പെട്ടു. ബേത്ത്ഹോ
രോൻ ഗോധിന്നും അസേക്കാ (Azekah) യ്ക്കും മദ്ധ്യേ ആകാശ
ത്തുനിന്നും ഒരു വലിയ കന്മഴയുണ്ടായി; ദിവസം ഏകദേശം ഇര
പത്തു നാലുമണിക്കൂറോളം നീണ്ടുനിന്നു; എന്നിങ്ങനെയുള്ള സം
ഗതികൾ ഗണിതശാസ്ത്രപരമായ ഒരു ഗവേഷണത്തിന്നുപയുക്ത
ങ്ങളായ വസ്തുതകളാണ് നമുക്കു പ്രദാനം ചെയ്യുന്നതു്.

യോശുവാ തന്റെ പ്രാർത്ഥനയിൽ ഉപയോഗിച്ച വാക്കുകൾ
പരിശോധിക്കുക. ആക്ഷരികമായി അവ ഇങ്ങനെയാണ്. "സ
ൂര്യൻ ഗിബെയോന്റെ മേൽ മൗനമായിരിക്കട്ടെ." ഇതിന്നുപയോ
ഗിച്ചിട്ടുള്ള എബ്രായവാക്ക് (Damam) ഡാമം എന്നുള്ളതാണ്
അതിന്റെ അർത്ഥം "to be Silent"(മൌനമായിരിക്ക) എന്ന
ണ്. സങ്കീ: ൩൦:൧൨ "ഞാൻ മൌനമായിരിക്കാതെ നിന്നെ
സ്തുതിക്കുന്നതിന്ന തന്നെ" ഇവിടെയും മൂലഭാഷയിൽ ഈ പദം ത
ന്നെയാണ് ഉപയോഗിച്ചിരിക്കുന്നതു്. മൂലഭാഷയിലെ ഈ പ
ദം തന്നെയാണ് യോശുവായുടെ പുസ്തകത്തിൽ മുൻഭാഗങ്ങളിലു
ഉപയോഗിച്ചിട്ടുള്ളതും നിശ്ചലനായി നിൽക്കുക (Stand still
നിശ്ചലനായി നിന്നു (Stood still) എന്നിങ്ങനെ തർജ്ജമ ചെ
യ്യപ്പെട്ടിട്ടുള്ളതും.

വെളിച്ചം ശബ്ദത്തോടു കൂടിയതാണെന്നു ശാസ്ത്രജ്ഞന്മാ
ർ തെളിയിച്ചിട്ടുണ്ട്. വെളിച്ചത്തിന്റെ ഉല്പാദനത്തിനു കാരണ
മായ ഈതർ തരംഗങ്ങളുടെ (ether waves) ത്വരിതമായ ആ
ന്ദോളനത്തിന്റെ ഫലമായി ഒരു മാതിരി സംഗീതധ്വനിയുണ്ടാക
ന്നു. അവയെ ഗ്രഹിക്കത്തക്കവണ്ണം സൂക്ഷ്മഗ്രാഹികളല്ലാ നമ്മു
ടെ കർണ്ണങ്ങൾ. സൂര്യന്റെ ഭൂമിമേലുള്ള action (ആകർഷണം
ത്തിന്റെ ഫലമായിട്ടാണ് ഭൂമി അതിന്റെ അച്ചുതണ്ടിന്മേൽ ക
റങ്ങുന്നതെന്നാണ് പല ശാസ്ത്രജ്ഞന്മാരുടെയും മതം. അതനു
സരിച്ചു യോശുവാ ആഗ്രഹിച്ചതുപോലെ ദിവസദൈർഘ്യമുണ്ടാ
കേണ്ടതിനു ഭൂമിയുടെ അച്ചുതണ്ടിന്മേലുള്ള അതിന്റെ തിരിച്ചി
ൽകുറെ സാവധാനത്തിലായിത്തീർന്നിരിക്കേണ്ടതു ആവശ്യമാണ്.
അതുസാധിക്കുന്നതിനു സൂര്യന്റെ ഭൂമിമേലുള്ള action നിർത്തപ്പെടുക
യോ തടയപ്പെടുകയോ, കുറയ്ക്കപ്പെടുകയോ ചെയ്തിരിക്കാതെ തര
മില്ല. ഇങ്ങനെ "സൂര്യൻ നിശ്ചലനായി നിൽക്കട്ടെ അല്ലെങ്കിൽ
പ്രവർത്തിനിവൃത്തനായിരിക്കട്ടെ" (Sun, be silent or inactive
എന്നുള്ള യോശുവായുടെ വാക്കുകൾ ആധുനികശാസ്ത്രജ്ഞന്മാരു
ടെ കണ്ടുപിടുത്തങ്ങൾക്കു യോജിച്ചിരിക്കുന്നതായി തോന്നുന്നു.

അതുകൊണ്ടു സൂര്യന്റെ ഭൂമിമേലുള്ള ആകർഷണശക്തി ഒ
രു സമയത്തേക്കു കുറഞ്ഞുവെങ്കിൽ, ഭൂമിയുടെ അച്ചുതണ്ടിന്മേലു
ള്ള അതിന്റെ കറക്കത്തിന്റെ വേഗത കുറയുന്നതിനും ദിവ
സം ദീർഘിച്ചു കിട്ടുന്നതിനും സാധിക്കുമായിരുന്നു.

ഭൂനിവാസികളുടെ യാതൊരറിവും കൂടാതെതന്നെ, എത്ര എ
ളുപ്പത്തിൽ ഭൂമിയുടെ ഗതിവേഗം കുറയ്ക്കുവാൻ സാധിക്കുമെന്നു
ള്ളതു് ഗണിതശാസ്ത്രജ്ഞനായ ന്യൂട്ടൻ സമർത്ഥിച്ചു കാണി
ച്ചിട്ടുണ്ട്.

അമോര്യരുടെ ഇടയിൽ വലിയ ബഹളം ഉണ്ടാക്കിത്തീർ
ത്ത കന്മഴ ഭൂമിയോടു സമീപിച്ചുവന്ന ഏതെങ്കിലുമൊരു വാൽ
നക്ഷത്രത്തിന്റെ അംശം മുഖാന്തരം ഉണ്ടായിട്ടുള്ളതാണെന്നും പ്ര
സ്തുത സ്ഥലത്തു് സൂക്ഷ്മമായി അന്വേഷിച്ചാൽ ഈ അഭിപ്രാ
യത്തെ ബലപ്പെടുത്തുന്ന തെളിവുകൾ അവിടെ നിന്നും ലഭിക്കു
മെന്നും കോപ്പൻഹാഗനിലെ (Copenhagen) ഒരു ശാസ്ത്രജ്ഞൻ
ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി. ഇങ്ങനെ എല്ലാ സം
ഭവങ്ങളെയും കുറിച്ചു സാദ്ധ്യമായ ഒരു വിവരണം ലഭിക്കുന്ന
തിനു സാധിക്കുന്നു.

വ്യോമമണ്ഡലത്തിലുള്ള നക്ഷത്രാദികളെല്ലാം അന്യോന്യം
ആകൎഷണത്തോടുകൂടിയവയാണെന്നുള്ളതു വാസ്തവമായിരിക്കെ,
ഈ പുതിയ ധൂമകേതുവിൻെറ ആവിൎഭാവം ഭൂമിമേലുള്ള സൂൎയ്യൻെറ
ആകൎഷണം കുറയ്ക്കുന്നതിനു കാരണമായിത്തീൎന്നുവെന്നു വിചാരി
ക്കുന്നതിൽ തെററില്ല. ഏതായാലും ഏതെങ്കിലും ഒരു ധൂമകേതു
വിൻെറ അംശത്തിൻെറ വീഴ്ചയായി വിചാരിക്കപ്പെടാവുന്ന ആ
...ച്ചയും, ഭൂമിയുടെ ഗതിവേഗം കുറയുന്നതിനിടയായ സംഭവവും
അന്യോന്യം ബന്ധമുള്ള സംഗതികളായിത്തന്നെയിരിക്കുന്നു.

യോശുവായുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നതുപോലെ
...രു സംഭവമുണ്ടായിരിക്കാണമെന്നു ഗണിതശാസ്ത്രം ആവശ്യപ്പെ
...ന്നു. അങ്ങിനെയൊന്നുണ്ടായെന്നുള്ളതിനു ചരിത്രം തെളിവുതരി
കയും ചെയ്യുന്നു.

അമേരിക്കാക്കാരനായ പ്രൊഫസർ ററോട്ടൻ Prof: Totten
ഈ വിഷയത്തെസംബന്ധിച്ചു ഗണിതശാസ്ത്രപരമായി വിസ്തൃ
തമായ ഒരഭ്യസനം നടത്തിയിട്ടുണ്ടെന്നും അദ്ദേഹത്തിൻെറ ഗവേ
ഷണഫലങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മി: സി
ഡ്നി കൊള്ളററ് (Mr. Sidney Collet)തൻെറ(The Scripture
of Truth) എന്ന കൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു. സൂൎയ്യനും, ച
ന്ദ്രനും ഭൂമിയും യോശുവായുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന
...പോലെയുള്ള അതേനിലയിൽ ഒരു പ്രാവശ്യത്തിൽ കൂടുതൽ വ
...രിക്കാൻ ഇടയില്ലെന്നും, ഇപ്പോഴത്തേതിൽ നിന്നും അന്നത്തെ
...ക്ക പുറകോട്ടു കണക്കാക്കിയാൽ, ഇരുപത്തുനാലു മണി
...ള്ള ഒരു ദിവസംകൂടി ലോകചരിത്രത്തിൽ ചേൎക്കപ്പെട്ടിട്ടുണ്ടെ
...ന്നു അദ്ദേഹം പറയുന്നു.

ഗണിതശാസ്ത്രാഭ്യസനത്തിൻെറയും ഗവേഷണങ്ങളുടെയും
...സ്ഥാനമായ ഗ്രീൻവിച്ചി (Green wich)ലുള്ള റോയൽഒബ
...സൎവേറററിയിലെ Mr. E. W. Maunder F. R. A. S. എന്ന
...ദ്ദേഹം പകലിൻെറ ഏതു സമയത്താണ് ഈ സംഭവം നടന്നി
...രുന്നതെന്നും, യോശുവാ നിന്നിരുന്ന സ്ഥലം ഇന്നതായിരുന്നുവെ
...ന്നു ...പരിക്കാമെന്നും മററും കാണിച്ചു ഈ വിഷയത്തെപ്പററി
...യിട്ടുണ്ട്.

ഇതു മാത്രവുമല്ലാ വേദഭാഗം ഇങ്ങനെയാണു് "So the sun stood still in the midst of heaven, and hasted not to go down about a whole day" (Pro: Totten)പ്രൊഫ. ടോട്ടൻറെ കണക്കുകളനുസരിച്ചു് ലോകചരിത്രത്തിൽ ഇരുപത്തുനാലു മണിക്കൂറുകൾ വേക്കപ്പെട്ടതായി കാണുന്നു. എന്നാൽ യോശുവായുടെ കാലത്തെ സംഭവമനുസരിച്ചു "ഏകദേശം ഒരു ദിവസം" അതായതു് ൨൩ മണിക്കൂർ ൨൦ മിനിട്ടു മാത്രമേ വേക്കപ്പെട്ടതായി വിചാരിക്കാൻ സാധിക്കയുള്ളു.

ഗണിതശാസ്ത്രജ്ഞന്മാരുടെ കണക്കുകളനുസരിച്ചു കാണാതായ ഇരുപത്തിനാലു മണിക്കൂറുകളിൽ ഇനിയും ൪൦ മിനിട്ടു ശേഷിക്കുന്നു. ഇവിടെ വീണ്ടും തിരുവെഴുത്തുകളുടെ സത്യതയ്ക്കു വേറൊരുദാഹരണം കാണുന്നു. ൨ രാജാ. ൨൦:൮—൧൧-ൽ നാം ഇങ്ങനെ വായിക്കുന്നു ......................................................
ഇവിടെ സൂര്യൻറെ നിഴൽ പത്തുപടി (ten degrees) ഇറങ്ങിപ്പോകുന്നതിനെപ്പററി നാം വായിക്കുന്നു. എന്നാൽ പത്തുപടി (ten degrees) എന്നതു് ൪൦ മിനിട്ടാകുന്നു. ഈ നാല്പതു മിനിട്ടു, യോശുവായുടെ കാലത്തെ ൨൩ മണിക്കൂർ ൨൦ മിനിട്ടും കൂടി Prof: Totten.ൻറെ കണക്കുപ്രകാരം ഭൂചരിത്രത്തിലെ അത്ഭുതകരമായ വിധത്തിൽ വേക്കപ്പെട്ട ഇരുപത്തുനാലു മണിക്കൂർ തികയുന്നു!

ഇതിൻറെ എഴുത്തുകാരൻ ഒരു ഗണിതശാസ്ത്രജ്ഞനെന്നുള്ളരീതിയിൽ പരിചയിച്ചിട്ടുള്ള ആളല്ലായ്കയാൽ Prof Tottenൻറെ കണക്കുകളെ ഉറപ്പിക്കുന്നതിനു അദ്ദേഹത്തിനു കഴിയുന്നതല്ലെങ്കിലും, ഈ വിഷയത്തിൽ പ്രതികൂല ന്യായങ്ങളെന്നപോലെ അനുകൂല ന്യായങ്ങളുമുണ്ടെന്നു കാണിക്കുന്നതിനു് അവ ഉദ്ധരിക്കുന്നു എന്നു മാത്രമേയുള്ളു.

യോശുവായുടെ "ദീർഘദിവസ"ത്തെപ്പററി ചരിത്രം എന്തു പറയുന്നുവെന്നു നോക്കാം. ചരിത്രരേഖകൾ സൂക്ഷിച്ചിട്ടുള്ള പുരാതന പൗരസ്ത്യ ജാതികൾ മൂന്നുണ്ടു്. അവർ ഗ്രേക്കരും, ഈജിപ്തുകാരും, ചൈനാക്കാരുമാണു്. ഈ മൂന്നു ജാതികളുടെയും ചരിത്രങ്ങളിൽ ഒരു അസാധാരണ ദീർഘദിവസത്തെപ്പററി രേഖപ്പെടുത്തിയിട്ടുണ്ടു്. "ചരിത്രപിതാവു്" (father of History) എന്ന അപരനാമത്താൽ അറിയപ്പെടുന്ന Herodotus (ഹെര

ദോത്തസ്") എന്ന ഗ്രീക്കചരിത്രകാരൻ (Bc 480) ഛർ മണി
ത്തിൽ വളരെയധികം നീണ്ടുനിന്ന ഒരു ദീർഘദിവസത്തെപ്പറ
ച്ചുള്ള രേഖകൾ ഈജിപ്തിലെ ചില പുരോഹിതന്മാർ തന്നെ
നിച്ചതായി പ്രസ്താവിക്കുന്നു. ചൈനാക്കാരുടെ പുരാതന ലി
തങ്ങളിൽ, അവിടത്തെ ചക്രവർത്തിയായിരുന്ന യിയോ (yeo)യു
കാലത്തു ഒരു ദീർഘദിവസമുണ്ടായതായി തെളിവായി പറഞ്ഞി
ണ്ട്. വംശാവലിയനുസരിച്ച് ഈ (yeo) പേരോടുകൂടിയ
ചക്രവർത്തി യോശുവായുടെ സമകാലീനനായിരുന്നുവെന്നും
ന്നുന്നു.

അമേരിക്കയിലെ ആദിമ നിവാസികളായ "ഇൻഡ്യൻസി
നെപ്പററി പ്രത്യേക അഭ്യസനം നടത്തിയ കിംഗ്സ്ബൈറോ പ്ര
(Lord Kingsbrough) അമേരിക്കാ, യൂറോപ്യന്മാരാൽ ക
പിടിക്കപ്പെടുന്നതിനു മുമ്പെ ആ രാജ്യനിവാസികൾ പരിഷ്ക
ത്തിന്റെ അത്യുച്ചമായ പടിയിൽ എത്തിയിരുന്നു എന്നും
രുടെ ചരിത്രത്തിൽ "Seven rabbits" എന്ന് അവർ വിളി
ക്കുന്ന ഒരാണ്ടിൽ ഒരുദിവസത്തേക്കു "സൂര്യൻ നിശ്ചലനായി നി
ന്ന"തായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും പറയുന്നു. ഈ "Seve
abbits" എന്നു പറയപ്പെടുന്ന വർഷം, യോശുവായുടെ കാല
ത്തു യിസ്രായേല്യർ പലസ്തീൻ നാടു പിടിച്ചടക്കിയ അതേവർഷ
തന്നെ എന്നുള്ളതു നിസ്തർക്കമായ സംഗതിയാണ്.

ഇപ്രകാരം തിരുവെഴുത്തുകളുടെ സത്യതയെ തെളിയിക്കുന്ന
തിന് ഗ്രീസിൽ നിന്നും ഈജിപ്തിൽ നിന്നും, ചൈനായിൽ നി
ന്നും, മെക്സിക്കോയിൽ നിന്നും വെവ്വേറെ ചരിത്രസാക്ഷ്യങ്ങ
ലഭിക്കുന്നു. ഈ തെളിവുകളുടെ സമൂഹം അവസാനമായ ഒരു തീ
മാനത്തിലേക്കു നമ്മെ നടത്തുന്നു,

ഈ വിഷയത്തെ സംബന്ധിച്ചുള്ള എന്റെ ഒരു പ്രസം
ത്തിനു ശേഷം ഒരാൾ എന്നോടു ഇങ്ങനെ പറഞ്ഞു. "ശാസ്ത്ര
മായ തെളിവുകൾ ഉള്ളതുകൊണ്ട് ഈ സംഭവങ്ങളെല്ലാം ഞാ
ൻ വിശ്വസിക്കാം. എന്നാൽ ഇവയെല്ലാം ഒരു മനുഷ്യന്റെ പ്ര
ർത്ഥനയുടെ ഫലമായി മാത്രം സംഭവിച്ചുവെന്നുള്ളതു വിശ്വസി
ക്കാൻ പ്രയാസം" മററുള്ളവർക്കും ഇതേപ്രയാസംതന്നെ ഉണ്ടാ
യിരിക്കാം. അതിനാൽ വിജയകരമായ പ്രാർത്ഥനയുടെ രഹസ്യ
ത്തെപ്പററി എന്തു വെളിച്ചമാണ് ഈ ഭാഗം പ്രദാനം ചെയ്യുന്ന
ത് എന്നുള്ളതിനെപ്പററി ചിന്തിക്കാം.

ദൈവം ആദിയിൽ തന്നെ ഇങ്ങനെ ഒരു സംഭവമുണ്ടാകുമെന്നു് അറിഞ്ഞിരുന്നു. അതുപോലെതന്നെ യോശുവാ ഇപ്രകാരം പ്രാർത്ഥിക്കുമെന്നും ദൈവം അറിഞ്ഞിരുന്നു. ദൈവവുമായി അടുത്തു ജീവിച്ചവനും ദൈവത്തിന്റെ സഹപ്രവർത്തകനുമായ (൧ കോരി. ൩:൯) യോശുവായ്ക്കു ദൈവത്തിന്റെ ഉദ്ദേശമനുസരിച്ചു പ്രാർത്ഥിക്കുവാൻ ഇടയായി. യോശുവായെയും, ദൈവം നടത്താൻ ഉദ്ദേശിച്ചിരുന്ന മഹൽകാര്യത്തെയും യോജിപ്പിക്കുന്ന കണ്ണി അദ്ദേഹത്തിന്റെ പ്രാർത്ഥനയായിരുന്നു. യോശുവാ ദൈവവുമായി അടുത്തു ജീവിച്ചവനല്ലായിരുന്നുവെങ്കിൽ അമോര്യരെ രാത്രിയിൽ ആക്രമിക്കുന്നതിനുള്ള ക്രമീകരണങ്ങൾ യോശുവാ ചെയ്യുന്നതിനും, ദീർഘിച്ചുകിട്ടിയ ദിവസം അദ്ദേഹത്തിനുപകാരമായിത്തീരുന്നതിനും ഇടയാകുമായിരുന്നു.

ദൈവത്തിന്റെ പ്രവൃത്തികൾ നമുക്കുചുററും നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ആവശ്യസാദ്ധ്യത്തിനുപയുക്തമായി അവയിൽ ഏതെങ്കിലും ഒരു വഴിയെ ദൈവം തുറക്കുകയും ചെയ്യുന്നു. (ഫിലി. ൪. ൧൯) ഇങ്ങനെ ചെയ്യുന്നതു് ദൈവത്തിന്റെ ബുദ്ധിപൂർവ്വമായ ഉദ്ദേശങ്ങളെ മാററിയിട്ടല്ല; പിന്നെയോ നമ്മുടെ തെററിപ്പോകാവുന്ന സ്വഭാവത്തെയും, മൗഢ്യങ്ങളായ ആലോചനകളെയും നേരായ മാർഗ്ഗത്തിൽ കൊണ്ടുവന്നിട്ടു് (റോമ. ൮: ൨൮) ദൈവികവും സമ്പൂർണ്ണവുമായ ആലോചനകളുമായി യോജിപ്പിക്കുന്നതുകൊണ്ടുതന്നെയാകുന്നു. അപ്പോൾ നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കുന്നു. തങ്ങളെത്തന്നെ മുഴുവനായി ദൈവത്തിനു് ഏല്പിച്ചുകൊടുക്കുന്നവരും, തങ്ങളുടെ ആലോചനകളെ ദൈവികമായിട്ടുള്ളതിനു വിട്ടുകൊടുക്കുന്നവരുമാണു് സാധാരണ അത്ഭുതകരമായ രീതിയിൽ തങ്ങളുടെ പ്രാർത്ഥനയ്ക്കു മറുപടി വാങ്ങുന്നതു്.

# ഒരിക്കൽ രക്ഷപെട്ടാൽ എന്നേക്കുമായി രക്ഷപെട്ടു.

ഡോറോത്തിമക്ക്നേറി ഓക്ക്പാർക്ക്, ഇല്ലിനായിസ്സ്.

(1935 ജനുവരിലക്കം മൂഡിമന്ത്ലിയിൽ നിന്നു)

"ഒരുത്തൻ രക്ഷപെട്ടശേഷം പിന്നീടു നഷ്ടപ്പെട്ടുപോവാൻ
ണമായിത്തീരുന്ന വല്ലതും ചെയ്യുവാൻ അയാൾക്കു കഴിയു
" എന്നുള്ള ചോദ്യം സാധാരണയായി പലരും ചോദിക്കുന്നു

ഇല്ല എന്നു നിങ്ങളോടു മറുപടിപറവാൻ എനിക്കു കഴിവു
കൊണ്ടു് ഞാൻ സന്തോഷിക്കുന്നു. രക്ഷിക്കപ്പെടുന്നതിനു
വൻ വീണ്ടും ജനിച്ചേ മതിയാവൂ എന്നു ദൈവം പറയുന്നു.
൩. ൩:൩;) അലങ്കാരഭാഷയല്ലാ, ദൈവം അവിടെ ഉപ
ഗിക്കുന്നതു്. തന്റെ വചനത്തിൽ നിന്നു് നേരെ ഒരു പാ
നൽകുവാൻ അവൻ ഉദ്ദേശിക്കുന്നു. ദൈവവചനത്തെ വി
സിക്കുകയും, യേശുവിനെ സ്വീകരിക്കയും ചെയ്യുന്ന ആളിനു
ഭവിക്കുന്നതുതന്നെ ശരീരം ജനിക്കുമ്പോൾ ശരീരത്തിനു എ
ടാകുമൊ അതുതന്നെ ആത്മാവിൽ സംഭവിക്കുകയാകുന്നു.
ിക്കൽ ജനിച്ചു സ്ഥൂലശരീരം ഗർഭാശയത്തിലേക്കു് വീണ്ടും പ്ര
വേശിച്ചു് അജാതമാവാൻ ഒരുനാളും കഴിയുന്നതല്ല. ഒരിക്ക
ലോകത്തിലേക്കു് ജനിച്ചതു് എല്ലായ്പോഴും ലോകത്തിലേ
ജനിച്ചതായിത്തന്നെ ഇരിക്കുന്നു. ദൈവരാജ്യത്തിലേക്കു ദൈ
ത്തിന്റെ ഒരു പൈതലായി ജനിച്ചതു് എല്ലായ്പോഴും അവ
ടെ ഒരു പൈതലായി ജനിച്ചുതന്നെ ഇരിക്കുന്നു.

കൂടാതെ കുടുംബത്തിലേക്കു് ജനിച്ചിട്ടുള്ളവക്കു് നിത്യജീവ
ൻ ഉണ്ടു് എന്നു ദൈവം പറയുന്നു. ക്രിസ്ത്യാനിയുടെ ജീവനെ
ിപ്പാൻ ഉപയോഗിച്ചിട്ടുള്ള നിത്യ എന്നവാക്കുതന്നെയാണ് നി
ദൈവത്തെക്കുറിച്ചു് പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്നതും.
ത്യമായ ഒരു വസ്തുവിനെ നിർത്തൽ ചെയ്യുവാനൊ? വെട്ടിമുറി
ച്ചുകളവാനൊ, നശിപ്പിക്കുവാനൊ, സാധിക്കുമൊ (യോ
) ഈ വാക്യങ്ങൾ നോക്കുക ഒരുവനും നശി

കയില്ലെന്നും യേശുവിന്റെ കയ്യിൽനിന്ന് അവരെ പിടിച്ചുപറിച്ചുകളവാൻ ആൎക്കും കഴികയില്ലെന്നും പിതാവിന്റെ കയ്യിൽനിന്ന് അവരെ അപഹരിക്കുവാൻ കഴിയുന്ന പ്രാപ്തർ ഇല്ലെന്നും അവിടെ എഴുതിയിരിക്കുന്നു.

"ആ മനുഷ്യന് ദൈവത്തിന്റെ കയ്യിൽ നിന്നു തന്നത്താൻ ചാടിക്കളവാൻ സാധിക്കയില്ലയൊ?" എന്നു നിങ്ങൾ ചോദിക്കുന്നു. ദൈവത്തിനു സ്തുതി, വീണ്ടും ഇനിക്കു പറവാനുള്ളത് ഇല്ല എന്നത്രെ. അതിനു തക്ക വലിയ ആരും ഇല്ലെന്നു ദൈവം പറയുന്നു. (റോമ ൮:൩൫—൩൯; ൨ തിമോ ൧:൧൨;)

ഇതു നമ്മുടെ സ്വാതന്ത്ര്യചിത്തത്തെ ബാധിക്കുന്നുണ്ടെന്നു നിങ്ങൾ പറഞ്ഞേക്കാം. ഇല്ല അതു് ഒരു മനുഷ്യനെ അവന്റെ ചിത്തത്തിനു വിരോധമായി രക്ഷിക്കുന്നില്ല. മനസ്സുള്ള എല്ലാവൎക്കും വരാം, വിശ്വസിക്കുന്ന ഏവനും നിത്യജീവനുണ്ടു് എന്നത്രെ അതിന്റെ പ്രഘോഷണം. രക്ഷിക്കപ്പെടുവാൻ ദൈവം ഒരുവനെയും നിർബന്ധിക്കുന്നില്ല. നിനക്കു മനസ്സുണ്ടാകണം, നീ മനസ്സോടെ വിശ്വസിച്ചും ദൈവത്തിന്റെ പരിപാലനത്തിനു നിന്നെത്തന്നെ മനസ്സോടെ ഏല്പിച്ചുമാണിരിക്കുന്നതു്. നിനക്കു പൂൎണ്ണമനസ്സില്ലായിരുന്നുവെങ്കിൽ ദൈവം നിന്നെത്തന്നെ അംഗീകരിക്കയില്ലായിരുന്നു. എന്നാൽ ഇനി മേൽ നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. (കോരി. ൬:൧൯, ൨൦)

എന്നാൽ പാപം ചെയ്യുന്ന ക്രിസ്ത്യാനികളുടെ കാൎയ്യം എങ്ങനെയാണു് എന്നു് നിങ്ങൾ ചോദിക്കുന്നു. നഷ്ടപ്പെട്ടു പോകാതാകവണ്ണം അവൎക്കു പാപം ചെയ്‌വാൻ കഴികയില്ലയൊ? ഇല്ല ദൈവത്തിനു സ്തോത്രം. പാപം ചെയ്യുന്ന ക്രിസ്ത്യാനികൾക്കു് എന്തുഭവിക്കുന്നു എന്നുള്ളതിനു് (൧ യോഹ. ൨:൧,൨;) വാക്യങ്ങൾ വായിക്ക. ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ ചെയ്‌വാനുള്ളതു് എന്തു് എന്നു് അവിടെ ഉണ്ടു്.

"എന്നാൽ ചിലപ്പോൾ ക്രിസ്ത്യാനികളാകുന്ന നാംതന്നെ അനുതപിക്കയും പാപക്ഷമയ്ക്കായി അപേക്ഷിക്കയും ചെയ്യാത ഇരിക്കത്തക്കവണ്ണം അത്ര മത്സരികളായി നാം തീൎന്നപോകുവല്ലൊ; അപ്പോൾ എങ്ങനെ. ൧ കോരി ൩-ാം അദ്ധ്യായം വാ